# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നന്നമ്പ്ര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ എം പി എം 15/1489/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 01/07/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നന്നമ്പ്ര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ എം പി എം 15/1489/2022 തീയ്യതി: 01/07/2022

## മലപ്പുറം ജില്ലയിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-03-2022 മുതൽ 21-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 28-06-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 22-06-2022 | 28-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 22-06-2022 | 28-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പനയത്തിൽ മുസ്തഫ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | പ്രസിഡന്റ് | 12-11-2020 | 20-12-2020 |
| ശ്രീമതി റഹിയാനത്ത് | പ്രസിഡന്റ് | 21-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ബിസിലി ബിന്ദു ടി.എസ് | സെക്രട്ടറി | 01-04-2020 | 01-03-2021 |
| ശ്രീ സലീഷ് എ | സെക്രട്ടറി ഇൻ ചാർജ് | 02-03-2021 | 31-03-2021 |
| ഡോ. ജോഷ്ണ കെ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ. സൽമ വി.പി | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2020 | 31-03-2021 |
| ഡോ. സബീർ ഹുസൈൻ | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി. നിഷ പി.കെ | ഹെഡ് മിസ്ട്രസ് | 01-04-2020 | 31-03-2021 |
| ശ്രീമതി. ബിന്ദു. പി | വി.ഇ.ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി. സംഗീത വി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ലീല സി.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 30-04-2020 |
| ശ്രീമതി. ജയശ്രീ എം | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-05-2020 | 15-11-2020 |
| ശ്രീമതി. റംല ബീഗം എൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 16-11-2020 | 31-03-2021 |
| ശ്രീ. സുരേഷ് ബാബു ടി.കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 28-01-2021 |
| ശ്രീമതി ആശ | അസിസ്റ്റന്റ് എഞ്ചിനിയർ | 29-01-2021 | 14-03-2021 |
| ശ്രീ. സുരേഷ് ബാബു ടി.കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 15-03-2021 | 31-03-2021 |
| ശ്രീമതി. ജോളി ജോൺ ജെ | അസി. സെക്രട്ടറി | 01-04-2020 | 12-06-2020 |
| ശ്രീ രമേശ് കെ | അസി. സെക്രട്ടറി ഇൻ ചാർജ് | 13-06-2020 | 24-06-2020 |
| ശ്രീ സലീഷ് എ | അസി. സെക്രട്ടറി | 25-06-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Husna (Auditor, On 24-06-2022)<br>Last Updated By: Husna (Auditor, On 24-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക.<br>Written By: Husna (Auditor, On 24-06-2022)<br>Last Updated By: Husna (Auditor, On 24-06-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Husna (Auditor, On 24-06-2022)<br>Last Updated By: Husna (Auditor, On 24-06-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം 2020-21 (ACR പ്രകാരം)<br>Written By: Husna (Auditor, On 24-06-2022)<br>Last Updated By: Husna (Auditor, On 24-06-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Husna (Auditor, On 24-06-2022)<br>Last Updated By: Husna (Auditor, On 28-06-2022) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Husna (Auditor, On 24-06-2022)<br>Last Updated By: Husna (Auditor, On 28-06-2022) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Husna (Auditor, On 24-06-2022)<br>Last Updated By: Husna (Auditor, On 24-06-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Husna (Auditor, On 24-06-2022)<br>Last Updated By: Husna (Auditor, On 24-06-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: A.C.Abdulla (Audit Officer, On 28-06-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 30-06-2022) | 1-9 |
| 10 | ഒരിക്കൽ ആനുകൂല്യം കൈപ്പറ്റിയവർ വീണ്ടും ആനുകൂല്യം കൈപ്പറ്റുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് സംവിധാനമില്ല.<br>Written By: A.C.Abdulla (Audit Officer, On 28-06-2022)<br>Last Updated By: Unni.P (Deputy Director, On 01-07-2022) | 1-9-1 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Husna (Auditor, On 24-06-2022)<br>Last Updated By: Husna (Auditor, On 24-06-2022) | 1-10 |
| 12 | വാർഷിക കണക്കിലെ അപാകതകൾ<br>Written By: Husna (Auditor, On 28-06-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 30-06-2022) | 1-11 |
| 13 | കെട്ടിട നിർമ്മാണ ചട്ടം പാലിക്കാതെ നിർമ്മിച്ച കെട്ടിടത്തിന് നമ്പർ നൽകി.<br>Written By: Husna (Auditor, On 28-06-2022)<br>Last Updated By: Unni.P (Deputy Director, On 01-07-2022) | 1-12 |
| 14 | പാർക്കിംഗ് ഏരിയ വ്യക്തമാക്കാത്ത കെട്ടിടത്തിന് പെർമിറ്റും നമ്പറും അനുവദിച്ചു.<br>Written By: Husna (Auditor, On 28-06-2022)<br>Last Updated By: Unni.P (Deputy Director, On 01-07-2022) | 1-13 |
| 15 | വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത<br>Written By: Husna (Auditor, On 28-06-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 30-06-2022) | 1-14 |
| 16 | സ്കൂളുകളിലെ അനധികൃത കെട്ടിടങ്ങൾ - തുടർ നടപടി സ്വീകരിക്കണം.<br>Written By: Husna (Auditor, On 28-06-2022)<br>Last Updated By: Unni.P (Deputy Director, On 01-07-2022) | 1-15 |
| 17 | കാലിത്തീറ്റ വിതരണം-മാർഗ്ഗരേഖ നിർദ്ദേശം പാലിച്ചില്ല.<br>Written By: Husna (Auditor, On 28-06-2022) | 1-16 |

| | | |
|---|---|---|
| | Last Updated By: Unni.P (Deputy Director, On 01-07-2022) | |
| 18 | പഞ്ചായത്ത് പരിധിയിൽ CCTV ക്യാമറ സ്ഥാപിക്കൽ - പ്രൊജക്ട് നടപ്പായിലൽ<br>Written By: Abdul Salam.P (Audit Officer, On 28-06-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 30-06-2022) | 1-17 |
| 19 | KSEB നിക്ഷേപ പ്രവൃത്തി - പൂർത്തീകരണ വിവരം ലഭ്യമല്ല<br>Written By: Abdul Salam.P (Audit Officer, On 28-06-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 30-06-2022) | 1-18 |
| 20 | ഷട്ടർ നിർമ്മാണം - പൂർത്തീകരണ വിവരം ലഭ്യമല്ല<br>Written By: Abdul Salam.P (Audit Officer, On 28-06-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 30-06-2022) | 1-19 |
| 21 | മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല<br>Written By: Abdul Salam.P (Audit Officer, On 28-06-2022)<br>Last Updated By: Unni.P (Deputy Director, On 01-07-2022) | 1-20 |
| 22 | പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ<br>Written By: Muhammed Fasalurahman (Asst. Audit Officer, On 28-06-2022)<br>Last Updated By: Unni.P (Deputy Director, On 01-07-2022) | 1-21 |
| 23 | കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 28-06-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 30-06-2022) | 1-22 |
| 24 | ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ അടച്ചില്ല<br>Written By: Muhammed Fasalurahman (Asst. Audit Officer, On 28-06-2022)<br>Last Updated By: Unni.P (Deputy Director, On 01-07-2022) | 1-23 |
| 25 | ടെണ്ടർ തുറക്കൽ - ചട്ടത്തിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 28-06-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 30-06-2022) | 1-24 |
| 26 | റോഡ് പ്രവൃത്തിക്ക് തെറ്റായി ഓവർഹെഡ് ചാർജ്ജ് നൽകി ₹ 28131 നഷ്ടം<br>Written By: Muhammed Fasalurahman (Asst. Audit Officer, On 28-06-2022)<br>Last Updated By: Unni.P (Deputy Director, On 01-07-2022) | 1-25 |
| 27 | സർക്കാർ നിർദ്ദേശം പാലിക്കാതെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകി.<br>Written By: Muhammed Fasalurahman (Asst. Audit Officer, On 28-06-2022)<br>Last Updated By: Unni.P (Deputy Director, On 01-07-2022) | 1-26 |
| 28 | മാർഗരേഖയ്ക്ക് വിരുദ്ധമായി സ്കൂളുകളിലേയ്ക്ക് സ്റ്റീൽ ബോട്ടിൽ വിതരണം ചെയ്തു.<br>Written By: Latha.O.V (Auditor, On 28-06-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 30-06-2022) | 1-27 |
| 29 | ഹരിത കർമ്മസേന -പ്രവർത്തനാവലോകനം<br>Written By: Latha.O.V (Auditor, On 28-06-2022)<br>Last Updated By: Unni.P (Deputy Director, On 01-07-2022) | 1-28 |
| 30 | IKM വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല<br>Written By: Abdul Salam.P (Audit Officer, On 28-06-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 30-06-2022) | 1-29 |
| 31 | പഞ്ചായത്തിന് പുതിയ വാഹനം - സർക്കാർ നിർദേശം പാലിച്ചില്ല<br>Written By: Abdul Salam.P (Audit Officer, On 28-06-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 30-06-2022) | 1-30 |
| 32 | അംഗൻവാടി കെട്ടിട നിർമ്മാണം - തുക വിനിയോഗിച്ചില്ല<br>Written By: Abdul Salam.P (Audit Officer, On 28-06-2022)<br>Last Updated By: Unni.P (Deputy Director, On 01-07-2022) | 1-31 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | റോഡ് പ്രവൃത്തിക്ക് തെറ്റായി ഓവർഹെഡ് ചാർജ്ജ് നൽകി ₹ 28131 നഷ്ടം<br>Written By: Muhammed Fasalurahman (Asst. Audit Officer, On 28-06-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 30-06-2022) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Husna (Auditor, On 24-06-2022)<br>Last Updated By: Husna (Auditor, On 24-06-2022) | 4-1 |

| | | |
|---|---|---|
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Husna (Auditor, On 24-06-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 30-06-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Husna (Auditor, On 24-06-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 30-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Husna (Auditor, On 24-06-2022)<br>Last Updated By: Husna (Auditor, On 24-06-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Husna (Auditor, On 24-06-2022)<br>Last Updated By: Husna (Auditor, On 24-06-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Husna (Auditor, On 24-06-2022)<br>Last Updated By: Husna (Auditor, On 28-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Husna (Auditor, On 24-06-2022)<br>Last Updated By: Husna (Auditor, On 24-06-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ<br>Written By: Husna (Auditor, On 24-06-2022)<br>Last Updated By: Husna (Auditor, On 24-06-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Husna (Auditor, On 24-06-2022)<br>Last Updated By: Husna (Auditor, On 25-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Husna (Auditor, On 24-06-2022)<br>Last Updated By: Shajahan Khuraisi (Asst. Audit Officer, On 30-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Husna (Auditor, On 24-06-2022)<br>Last Updated By: A.C.Abdulla (Audit Officer, On 28-06-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1/, 24.03.2020 | 2/ 23.02.2021 |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31 .07.2021 | 22.06.2022 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 32130133 |
| വരവ് | 96339381 |
| ആകെ | 128469514 |
| ചെലവ് | 80842252 |
| നീക്കിയിരിപ്പ് | 47627262 |

### 1-4 ഫണ്ട് വിനിയോഗം 2020-21 (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 20937353 | 20937353 | 16715057 | 4222296 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3075000 | 3075000 | 2508422 | 566578 |
| വികസനഫണ്ട് ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 11603000 | 11603000 | 11576382 | 26618 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4934579 | 4934579 | 4921253 | 13326 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied ) | 0 | 12734954 | 12734954 | 6529438 | 6205516 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied ) | 0 | 6620000 | 6620000 | 4131694 | 2488306 |
| ബി ഫണ്ട് | 0 | 75358400 | 75358400 | 75358400 | 0 |

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 238 | 99878472 | 170 | 65783908 | 3 | 65 | 71.42% |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 130374 | 1037667 | 1168041 | 1032721 | 135320 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 7210564 | 7210564 | 7210564 | 0 |

### 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 10200 | 15 |
| കർഷകതൊഴിലാളി പെൻഷൻ | 4932500 | 259 |
| വിധവാപെൻഷൻ | 22637800 | 1178 |
| വാർദ്ധക്യകാലപെൻഷൻ | 38591800 | 2289 |
| വികലാംഗപെൻഷൻ | 8769600 | 481 |
| വിവാഹ ധനസഹായം | 90000 | 3 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 326500 | 19 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.06.22 ന് 10.15 Am മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 317/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1. സ്റ്റോക്ക് രജിസ്റ്റർ, സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ എന്നിവയിൽ എല്ലാ വിവരങ്ങളും രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
2. ടൂൾസ് & പ്ലാന്റ്സ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.
3. മെഡിക്കൽ ഓഫീസർ എഫ് എച്ച് സി പ്രൊജക്റ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

## 1-9-1 ഒരിക്കൽ ആനുകൂല്യം കൈപ്പറ്റിയവർ വീണ്ടും ആനുകൂല്യം കൈപ്പറ്റുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് സംവിധാനമില്ല.

2020-21 വർഷത്തിൽ അസിസ്റ്റന്റ് സെക്രട്ടറി, ഹെഡ്മാസ്റ്റർ തുടങ്ങിയവർ നിർവഹണം നടത്തിയ വിവിധ ധനസഹായ പ്രൊജക്ടുകൾ താഴെ നൽകുന്നു

1. പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം

2. പട്ടികജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്

3. പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ്

വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിനനുവദിച്ച് പുറപ്പെടുവിച്ച സബ്സിഡി മാർഗ്ഗരേഖയിൽ പ്രധാനപ്പെട്ട പല വ്യക്തിഗത ആനുകൂല്യങ്ങളും ഒരിക്കൽ നൽകിയവർക്ക് വീണ്ടും നൽകാൻ പാടില്ല / നിശ്ചിത കാലയളവിന് ശേഷം മാത്രമെ നൽകാവൂ എന്നിങ്ങനെയുള്ള നിബന്ധനകൾ നിർദ്ദേശിച്ചിട്ടുണ്ട്.

2020-21 വർഷത്തിൽ നടപ്പാക്കിയ വിവിധ വ്യക്തിഗത ധനസഹായ പ്രൊജക്ടുകൾ പ്രകാരം ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കൾക്ക്, മുമ്പ് പഞ്ചായത്തിൽ നിന്ന് ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിന് ആധാരമാക്കാവുന്ന രേഖകൾ ഒന്നും തന്നെ പഞ്ചായത്തിൽ സൂക്ഷിച്ചുവരുന്നില്ല.

പഞ്ചായത്തിൽ നിന്ന് വിവിധ വ്യക്തിഗത ആനുകൂല്യങ്ങൾ കൈപ്പറ്റുന്നവരുടെ വ്യക്തമായ വിവരം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.04.2022 | 2021-2022 | 21.04.2022 |
| എ.ജി ഓഡിറ്റ് | 03.02.2017 | 2015-2016 | 29.03.2017 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ വാർഷിക കണക്ക് പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.
1)2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻമേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2) ആസ്തി രജിസ്റ്ററിൽ ആസ്തികളുടെ വില ചേർത്ത് കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule )ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

3) ബാലൻസ് ഷീറ്റ് B-11 പ്രകാരമുള്ള Fixed Asset Depreciation കണക്കാക്കിയതിന്റെ അനുബന്ധ വിവരങ്ങൾ (Rate Of Depreciation, Book Value Of Asset, Life Time Of Asset Etc) പരിശോധനക്ക് ലഭ്യമാക്കിയില്ല. (2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 58 – 4 (ജി).

4)ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും (7711724) മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി രേഖപ്പെടുത്തിയിരിക്കുന്ന തുകയും (15497129) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

5).വാർഷിക കണക്കിലെ ലെഡ്ജർ ട്രയൽ ബാലൻസിലെ ക്ളോസിംഗ് ബാലൻസിൽ ചില ഹെഡുകളിൽ ഡെബിറ്റിലും ക്രെഡിറ്റിലും തുകകൾ രേഖപ്പെടുത്തിയിരിക്കുന്നു.

6) ഗ്രാമപഞ്ചായത്തിൽ ILGMS ൽ PDE (Past Data Entry ) ചെയ്ത ഫയൽ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ സാംഖ്യയിലെയും ILGMS ആരംഭിച്ച സമയത്തെ ILGMS ലെയും വിവരങ്ങൾ പൂർണ്ണമായി പരിശോധിച്ച് കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

7) സാംഖ്യയിൽ നിന്ന് ILGMS ലേക്ക് അക്കൌണ്ട് ചെയ്ത തിയതിയിലെ (21.09.2020) Balance Sheetലെ Abstract തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| സാംഖ്യ | ILGMS | വ്യത്യാസം |
|---|---|---|
| 111396251.43 | 111405616 | 9365.57 |

8) സാംഖ്യയിൽ നിന്ന് ILGMS ലേക്ക് അക്കൌണ്ട് ചെയ്ത തിയതിലെ (21.09.2020) Receipt And Payment ലെ Abstracts തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| സാംഖ്യ | ILGMS | വ്യത്യാസം |
|---|---|---|
| 72056492.43 | 72057212 | 719.57 |

വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(7/27.06.22) അപാകതകൾ വരും വർഷങ്ങളിൽ പരിഹരിക്കുന്നതാണെന്നും ക്രമ നം.3 ന്റെ അനുബന്ധ വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. കൂടാതെ ILGMS ലെ Technical Error മൂലമാണ് മറ്റു അപാകതകൾ വന്നിട്ടുള്ളതെന്നും IKMൽ നിന്നും Complaint പരിഹരിച്ച് ലഭിക്കുന്ന മുറക്ക് പരിശോധനക്ക് സമർപ്പിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

## 1-12 കെട്ടിട നിർമ്മാണ ചട്ടം പാലിക്കാതെ നിർമ്മിച്ച കെട്ടിടത്തിന് നമ്പർ നൽകി.

പഞ്ചായത്തിൽ കെട്ടിട നിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടത്തിന് നമ്പർ നൽകിയതായി പരിശോധനയിൽ വ്യക്തമായി.
കെട്ടിട ഉടമസ്ഥൻ - ശ്രീ പത്തൂർ മുത്തു, പത്തൂർ ഹൗസ്, കൊടഞ്ഞി
സർവേ നമ്പർ - RS/299/5
വിസ്തൃതി (പ്ലോട്ട്) - 2104 M2
പെർമിറ്റ് നം - A5-107/17-18, തി. 21.02.2018
കെട്ടിടത്തിന്റെ തരം - വാണിജ്യ കെട്ടിടം
പൂർത്തീകരിച്ച് നമ്പറിന് അപേക്ഷ നൽകിയ തിയ്യതി - 13.05.2020 ( A5-1772/2020 Dt 13.05.20)
പൂർത്തീകരണ അപേക്ഷ പ്രകാരം കെട്ടിടത്തിന്റെ വിസ്തൃതി - 524.32m2
കാർപ്പറ്റ് വിസ്തീർണ്ണം - 419.46m2
അനുവദിച്ച നമ്പർ - 3/260 A
സമർപ്പിച്ച പ്ലാൻ പരിശോധിച്ചതിൽ മേൽ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 2104 M2 പ്ലോട്ടിൽ നിലവിൽ 306.15 M2, 8.93 M2 കാർപ്പെറ്റ് ഏരിയകളുള്ള 2 കെട്ടിടം കൂടിയുണ്ട്.
ഇതനുസരിച്ച് കെട്ടിടത്തിന് ആവശ്യമായ പാർക്കിംഗ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.
734.54/75= 9.79
75% Category 2 Panchayath

le 8 Nos Parking
പൂർത്തീകരണ പ്ലാൻ പരിശോധിച്ചതിൽ ഈ പാർക്കിംഗ് കെട്ടിടത്തിന്റെ മുൻഭാഗത്തും ഒരു വശത്തുമായിട്ടാണ് കാണിച്ചത്.
എന്നാൽ പാർക്കിംഗ് കാണിച്ചിരിക്കുന്ന വാഹനങ്ങളുടെ ഡ്രൈവ് വേ, വാഹനം തിരിക്കുന്നതിനുള്ള സ്ഥലം എന്നിവ പ്ലാൻ പ്രകാരം ലഭ്യമല്ല.
2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 38 (3) പ്രകാരം തെരുവിലേക്ക് വാഹനങ്ങളുടെ പ്രവേശനത്തിന് ആവശ്യമായ സൗകര്യത്തോടെയായിരിക്കണം ഓരോ പാർക്കിംഗ് സ്ഥലവും വ്യവസ്ഥ ചെയ്യേണ്ടത് എന്ന് വ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ഡ്രൈവിംഗിനുള്ള സ്ഥലവും വാഹനങ്ങൾ തിരിക്കാനുള്ള സ്ഥലവും ഒരുക്കേണ്ടതാണ് എന്നും ചട്ടത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്.
എന്നാൽ ഈ കെട്ടിടം പരിശോധിച്ച അസിസ്റ്റന്റ് എഞ്ചിനിയർ കെട്ടിടം ബിൽഡിംഗ് റൂൾ പാലിച്ചാണ് നിർമ്മിച്ചത് എന്ന് റിപ്പോർട്ട് ചെയ്തു കാണുന്നു.
ആവശ്യമായ ഡ്രൈവ് വേ സൗകര്യം ഇല്ലാതെ നിർമ്മിച്ച കെട്ടിടത്തിന് നമ്പർ നൽകിയത് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായാണ് .
ചട്ടത്തിലെ മേൽ നിർദ്ദേശം പാലിക്കാതെ നിർമ്മിച്ച കെട്ടിടത്തിന് തെറ്റായ റിപ്പോർട്ട് നൽകി നമ്പർ നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(23/28.06.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-13 പാർക്കിംഗ് ഏരിയ വ്യക്തമാക്കാത്ത കെട്ടിടത്തിന് പെർമിറ്റും നമ്പറും അനുവദിച്ചു.

കേരളാ പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ലെ ചട്ടം 5 പ്രകാരം കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷ സമർപ്പിക്കുമ്പോൾ അപേക്ഷയോടൊപ്പം ചട്ടപ്രകാരമുള്ള പ്ലാനുകൾ( സൈറ്റ് പ്ലാൻ, സർവ്വീസ് പ്ലാൻ, കീ മാപ്പ്, ബിൽഡിംഗ് പ്ലാൻ, പാർക്കിംഗ് പ്ലാൻ )കൂടി സമർപ്പിക്കണമെന്നുകൂടി വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ പഞ്ചായത്തിൽ കെട്ടിട നമ്പർ അനുവദിച്ച ചുവടെ ചേർത്ത കെട്ടിടത്തിന്റെ ഫയൽ പരിശോധിച്ചതിൽ ആവശ്യമായ പാർക്കിംഗ് പ്ലാനുകൾ ഉൾപ്പെടുത്താതെയും സമർപ്പിച്ച പ്ലാനിൽ പാർക്കിംഗ് സൌകര്യം കാണിക്കാതെയും സമർപ്പിച്ച അപേക്ഷക്ക് കെട്ടിട നിർമ്മാണാനുമതിയും നമ്പറും നൽകിയതായി പരിശോധനയിൽ വ്യക്തമായി.

കെട്ടിട ഉടമസ്ഥൻ - ശ്രീ കുറ്റിയത്ത് ഇബ്രാഹീം,ശ്രീ അബ്ദുൽ കരിം , കുറ്റിയത്ത്, കൊടഞ്ഞി

സർവേ നമ്പർ - 154/3-10

വിസ്തൃതി(പ്ലോട്ട്) - 4.14 Ares

പെർമിറ്റ് നം - A5-2954/20 തി. 04.09.2020

കെട്ടിടത്തിന്റെ തരം - ഇതര വ്യവസായ ആവശ്യങ്ങൾക്കുള്ളവ

പൂർത്തീകരിച്ച് നമ്പറിന് അപേക്ഷ നൽകിയ തിയ്യതി - 23.01.2021 ( A5-440/21 )

പൂർത്തീകരണ അപേക്ഷ പ്രകാരം കെട്ടിടത്തിന്റെ വിസ്തൃതി - 103.58m2

അനുവദിച്ച നമ്പർ - 17-341/A

സമർപ്പിച്ച പ്ലാൻ പരിശോധിച്ചതിൽ മേൽ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള പ്രസ്തുത പ്ലോട്ടിൽ നിലവിൽ 114 M2 വിസ്തീർണ്ണമുള്ള മറ്റൊരു കെട്ടിടം കൂടിയുണ്ട്.
ചട്ടപ്രകാരം വേണ്ട പാർക്കിംഗ് സൌകര്യം ഇല്ലാതെ സമർപ്പിച്ച അപേക്ഷക്ക് നിർമ്മാണാനുമതിയും കെട്ടിട നമ്പറും നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/28.06.22) മറുപടി ലഭ്യമാക്കിയിട്ടില്ല.
മേൽ അപാകതകൾ പരിഹരിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-14 വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത

ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച അന്തിമ വിജ്ഞാപന (നം. A7/6481/11 തിയതി. 27.09.2011) പ്രകാരം വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ റസ്റ്റോറന്റ്, ഷോപ്പുകൾ ഗോഡൌണുകൾ എന്നിവക്ക് 40 രൂപയും, 100 ച.മീറ്റർ മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ റസ്റ്റോറന്റ് ,ഷോപ്പുകൾ ഗോഡൗണുകൾ എന്നിവക്ക് 60 രൂപയും ആണ് അടിസ്ഥാന വസ്തു നികുതിയായി നിർണ്ണയിച്ചിട്ടുള്ളത്. 100 ച. മീറ്റർ മുകളിൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങളെ 100 ൽ താഴെയുള്ള മുറികളായി തിരിച്ച് വ്യത്യസ്ത നമ്പർ നൽകിയാലും ആകെ വിസ്തീർണ്ണം കണക്കിലെടുത്ത് 60 രൂപ നിരക്കിൽ തന്നെയാണ് തന്നെയാണ് ഗ്രാമപഞ്ചായത്ത് നികുതികൾ നിർണ്ണയിക്കുന്നതും ഈടാക്കുന്നതും.

എന്നാൽ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയ ഫയലുകൾ പരിശോധിച്ചതിൽ ചുവടെ ചേർത്ത വ്യക്തികൾക്ക് നമ്പർ അനുവദിച്ചതിൽ വസ്തുനികുതി നിരക്ക് കണക്കാക്കിയതിൽ കുറവ് വന്നതായി ശ്രദ്ധയിൽപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉടമ/ | പെർമിറ്റ് നമ്പർ | കംപ്ലീഷൻ പ്ലാൻ പ്രകാരം | അനുവദിച്ച കെട്ടിട | നിർണ്ണയിച്ച നികുതി | നിർണ്ണയിക്കേണ്ടിയിരുന്ന |
|---|---|---|---|---|---|---|

| | സർവ്വേ നമ്പർ | | കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം | നമ്പർ | നിരക്ക് | നികുതി നിരക്ക് |
|---|---|---|---|---|---|---|
| 1 | പല്ലിക്കാട്ടിൽ കുഞ്ഞാലൻകുട്ടി 320-5, 320-3 | റെഗുലറൈസേഷൻ | 137.57 ച. മീറ്റർ (ഒന്നാം നില -22.78x 3, രണ്ടാം നില-46.45x1, 22.78x 1) | 11/656 A, B, C, D, E | 40 രൂപ | 60 രൂപ |
| 2 | ബീന കൃഷ്ണകുമാർ, കാഞ്ഞിങ്ങാട്ടുവലിയ വീട് 123/2-3 | A5-BA(125740)2010 Dt 30.04.2019 | 161.06 ച. മീറ്റർ | 9/332 A, B, C, D, E, F, G, H | 40 രൂപ | 60 രൂപ |
| 3 | അബ്ദുറഹ്മാൻ ചോലക്കൽ പൊട്ടച്ചോല 123/3-46 | A5-BA(12288)2019 Dt04.01.2019 | 101.03 ച. മീറ്റർ (22.73x2+20.26x2+ 15.05x1=101.03) | 9/100 A, B, C, D, E, F | 40 രൂപ | 60 രൂപ (കെട്ടിടത്തിന്റെ ഒന്നാംനിലയിലുള്ള 197.18 ച. മീറ്റർ റൂമിന് 60 രൂപ നിരക്കിൽ നികുതി നിർണ്ണയിച്ചിട്ടുണ്ട്.) |

അടിസ്ഥാന വസ്തു നികുതി നിരക്ക് കുറവായി നിർണ്ണയിച്ചതിനു വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി(24/28.06.22) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

മേൽ കെട്ടിടങ്ങളുടെ വസ്തു നികുതി 60 രൂപ നിരക്കിൽ പുനർനിർണ്ണയിച്ച് രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-15 സ്കൂളുകളിലെ അനധികൃത കെട്ടിടങ്ങൾ - തുടർ നടപടി സ്വീകരിക്കണം.

ഗ്രാമ പഞ്ചായത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് വേണ്ടി വിവിധ സ്കൂളുകൾ സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ പ്രസ്തുത അപേക്ഷയിൽ അവകാശപ്പെട്ട കെട്ടിടങ്ങൾ പൂർണ്ണമായി നമ്പർ നൽകി അധികൃതമാക്കപ്പെട്ടിട്ടില്ല എന്ന് വ്യക്തമായി. വിശദ വിവരം താഴെ നൽകുന്നു.

| സ്കൂൾ | ഗ്രാമ പഞ്ചായത്തിൽ നമ്പർ നൽകിയ കെട്ടിടത്തിന്റെ വിവരം | ഫിറ്റ്നസ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷയിൽ അവകാശപ്പെട്ട കെട്ടിടങ്ങൾ |
|---|---|---|
| ഐ.ഇ.സി സെക്കണ്ടറി സ്കൂൾ കൊടിഞ്ഞി | 21/341 - Ground Floor - 140 First Floor - 140 SqM) ആകെ - 280 SqM | ഓരോ നിലയിലും 7 ക്ലാസ്സ് മുറികൾ വീതമുള്ള മൂന്ന് നില കെട്ടിടം ( GF,FF,SF) അപേക്ഷ പ്രകാരം ക്ലാസ്സ്മുറികളുടെ മാത്രം വിസ്തീർണ്ണം 740 Sqm ഉണ്ട്. കെട്ടിടത്തിന്റെ വരാന്ത, സ്റ്റെയർ ഭാഗങ്ങൾ ഉൾപ്പെടുമ്പോൾ വിസ്തൃതി ഇനിയും വർദ്ധിക്കും. |

| | | |
|---|---|---|
| SSMHSS തെയ്യാലിങ്ങൽ | 16/387 - Ground Floor - 120 SqM<br>16/388- Ground Floor -180 SqM<br>16/389- Ground Floor -180 SqM<br>16/390- Ground Floor -80 SqM<br>16/391- Ground Floor -120 SqM<br>16/392- Ground Floor -70 SqM<br>16/393- Ground Floor -72 SqM<br>16/394- Ground Floor -120 SqM<br>16/395- Ground Floor -180 SqM<br>16/396- Ground Floor -120 SqM<br>16/397- Ground Floor -69 SqM<br>16/398- Ground Floor -69 SqM<br>16/399- Ground Floor -65 SqM<br>16/400- Ground Floor -120 SqM<br>Total - 1565 SqM | 1)15.8x6.5 വിസ്തൃതിയിയുള്ള കെട്ടിടം - 2 ക്ലാസ്സ് മുറികൾ<br>2)15.8x6.5 വിസ്തൃതിയിയുള്ള കെട്ടിടം - 2 ക്ലാസ്സ് മുറികള്<br>3)15.8x6.5 വിസ്തൃതിയിയുള്ള കെട്ടിടം - 2 ക്ലാസ്സ് മുറികൾ<br>4)15.8x6.5 വിസ്തൃതിയിയുള്ള കെട്ടിടം - 2 ക്ലാസ്സ് മുറികൾ<br>5)37.4x9.5 വിസ്തൃതിയിയുള്ള കെട്ടിടം -16 ക്ലാസ്സ് മുറികൾ<br>6)37.4x9.5 വിസ്തൃതിയിയുള്ള കെട്ടിടം - 4 ക്ലാസ്സ് മുറികൾ<br>7)37.4x9.5 വിസ്തൃതിയിയുള്ള കെട്ടിടം- 15 ക്ലാസ്സ് മുറികൾ<br>8)6.1x6.1 വിസ്തൃതിയിയുള്ള കെട്ടിടം - 1 ക്ലാസ്സ് മുറി<br>9)38x6.5 വിസ്തൃതിയിയുള്ള കെട്ടിടം - 6 ക്ലാസ്സ് മുറികൾ<br>10)12.8x6.5 വിസ്തൃതിയിയുള്ള കെട്ടിടം - 2 ക്ലാസ്സ് മുറികള്<br>11)19.1x6.5 വിസ്തൃതിയിയുള്ള കെട്ടിടം - 3 ക്ലാസ്സ് മുറികൾ<br>12)25.4x6.5 വിസ്തൃതിയിയുള്ള കെട്ടിടം -4 ക്ലാസ്സ് മുറികള്<br>13)19.1x6.5 വിസ്തൃതിയിയുള്ള കെട്ടിടം - 3 ക്ലാസ്സ് മുറികൾ<br>14)6.1x6.1 വിസ്തൃതിയിയുള്ള കെട്ടിടം - 1 ക്ലാസ്സ് മുറി<br>15)31.7x6.5 വിസ്തൃതിയിയുള്ള കെട്ടിടം - 5 ക്ലാസ്സ് മുറികള്<br>16)25.4x6.5 വിസ്തൃതിയിയുള്ള കെട്ടിടം- 4 ക്ലാസ്സ് മുറികള്<br>17)25.4x6.5വിസ്തൃതിയിയുള്ള കെട്ടിടം- 4 ക്ലാസ്സ് മുറികൾ<br>18)31.7x6.5 വിസ്തൃതിയിയുള്ള കെട്ടിടം - 5 ക്ലാസ്സ് മുറികള്<br>19)9.1x6.5 വിസ്തൃതിയിയുള്ള കെട്ടിടം - 1 ക്ലാസ്സ് മുറി<br>20)19.1x6.5 വിസ്തൃതിയിയുള്ള കെട്ടിടം - 3 ക്ലാസ്സ് മുറികള്<br>21) 19.1x6.5 വിസ്തൃതിയിയുള്ള കെട്ടിടം - 3 ക്ലാസ്സ് മുറികള്<br>22)12.8x6.5 വിസ്തൃതിയിയുള്ള കെട്ടിടം -2 ക്ലാസ്സ് മുറികള്<br>23) 19.1x6.5 വിസ്തൃതിയിയുള്ള കെട്ടിടം -3 ക്ലാസ്സ് മുറികൾ<br>24)12.8x6.5 വിസ്തൃതിയിയുള്ള കെട്ടിടം -2 ക്ലാസ്സ് മുറികൾ<br>25)38x3.5 വിസ്തൃതിയിയുള്ള കെട്ടിടം - 5 ക്ലാസ്സ് മുറികൾ<br>26)6.1x6.1 വിസ്തൃതിയിയുള്ള കെട്ടിടം - 1 ക്ലാസ്സ് മുറി<br>അപേക്ഷ പ്രകാരം ക്ലാസ്സ്മുറികളുടെ മാത്രം വിസ്തീർണ്ണം 3788.33 Sqm ഉണ്ട്. കെട്ടിടത്തിന്റെ വരാന്ത. സ്റ്റെയർ ഭാഗങ്ങൾ ഉൾപ്പെടുമ്പോൾ വിസ്തൃതി ഇനിയും വർദ്ധിക്കും.<br>സ്കൂൾ മാനേജർ സമർപ്പിച്ച പ്ലാൻ പരിശോധിച്ചതിൽ നാല് നിലയുള്ള കെട്ടിടം ഉൾപ്പെടെ സ്കൂളിൽ ഉണ്ട് എന്നാണ് കാണുന്നത്. |
| മർക്കസുസ്സഖാഫത്തിൽ ഇസ്ലാമിയ്യ, കണ്ടൂർ | 9/392 - Ground Floor - 150 SqM<br>9/393 - Ground Floor - 140 SqM<br>9/394 - Ground Floor - 150 SqM<br>9/396 -<br>Ground Floor – 184.6 SqM<br>First Floor – 184.34 SqM<br>Second Floor – 184.34 SqM<br>Total 993.28 SqM | South Block കെട്ടിടം ( 3 നില , 11 ക്ലാസ്സ് മുറികൾ) -6.1x6.1x11 - 401.31 Sqm<br>West Portion കെട്ടിടം ( 3 നില , 10 ക്ലാസ്സ് മുറികൾ)<br>6.1x6.1 X5 +9.15x6.1x3+8.05x6.1x2 - 451.705 Sqm<br>Stage Classroom (1 നില ,2 ക്ലാസ്സ് മുറികൾ) -74.42 Sqm<br>RCC Four Storeyed Building -(4 നില,27ക്ലാസ്സ് മുറികൾ)<br>6x6x27- 972 Sqm<br>RCC Building GF ( 1നില , 3 ക്ലാസ്സ് മുറികൾ)<br>6.1x6.1 +9.15x6.1x2 – 148.84<br>അപേക്ഷ പ്രകാരം ക്ലാസ്സ്മുറികളുടെ മാത്രം വിസ്തീർണ്ണം |

| | | |
|---|---|---|
| | | 2048.275 Sqm ഉണ്ട്. കെട്ടിടത്തിന്റെ വരാന്ത. സ്റ്റെയർ ഭാഗങ്ങൾ ഉൾപ്പെടുമ്പോൾ വിസ്തൃതി ഇനിയും വർദ്ധിക്കും.<br>സ്കൂൾ മാനേജിംഗ് കമ്മിറ്റി സെക്രട്ടറി സമർപ്പിച്ച പ്ലാൻ പരിശോധിച്ചതിൽ നാല് നിലയുള്ള കെട്ടിടം ഉൾപ്പെടെ സ്കൂളിൽ ഉണ്ട് എന്നാണ് കാണുന്നത്. |
| എം.എ ഹയർ സെക്കണ്ടറി സ്കൂൾ- കൊടിഞ്ഞി. | 3/12 – Ground Floor -190 Sqm<br>3/13 – Ground Floor -75 Sqm<br>3/14 – Ground Floor -75 Sqm<br>Total - 340 Sqm<br>(സെക്രട്ടറി സുന്നി എജ്യുക്കേഷൻ സെന്റർ കൊടിഞ്ഞി എന്ന പേരിലാണ് നമ്പർ നൽകിയത്. ) | 1) 26 ക്ലാസ്സ് മുറികളുള്ള മൂന്ന് നില കെട്ടിടം<br>GF- 6.1x6.1x 8 - 8 ക്ലാസ്സ് മുറികൾ<br>FF- (6.1x6.1x 8)+(3.6x4.8x1) - 9 ക്ലാസ്സ് മുറികൾ<br>SF- (6.1x6.1x 8)+(3.6x4.8x1) - 9 ക്ലാസ്സ് മുറികൾ<br>2) LP Block-13 ക്ലാസ്സ് മുറികളുള്ള മൂന്ന് നില കെട്ടിടം<br>GF-(6.15x6.15x4)+3.6x5.55x1- 5 ക്ലാസ്സ് മുറികൾ<br>FF- (6.15x6.15x4)- 4 ക്ലാസ്സ് മുറികൾ<br>SF- (6.15x6.15x4)- 4 ക്ലാസ്സ് മുറികൾ<br>അപേക്ഷ പ്രകാരം ക്ലാസ്സ് മുറികളുടെ മാത്രം വിസ്തീർണ്ണം 1401.45 Sqm ഉണ്ട്. കെട്ടിടത്തിന്റെ വരാന്ത. സ്റ്റെയർ ഭാഗങ്ങൾ ഉൾപ്പെടുമ്പോൾ വിസ്തൃതി ഇനിയും വർദ്ധിക്കും. |

പഞ്ചായത്തിലെ ഏതാനും സ്കൂളുകളുടെ ഫിറ്റ്നസ് അപേക്ഷ അടിസ്ഥാനമാക്കി നടത്തിയ പരിശോധനയിലാണ് അനധികൃത നിർമ്മിതികൾ ഉണ്ട് എന്ന് വ്യക്തമായത്. മേൽ സ്ഥാപനങ്ങളിലെല്ലാം തന്നെ അംഗീകരിക്കപ്പെട്ടതിന്റെ ഇരട്ടിയിലധികം വിസ്തൃതിയിൽ നിർമ്മാണം നടത്തിയതായി വ്യക്തമായി.

സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിക്കുമ്പോൾ കെട്ടിടങ്ങൾ നിയമാനുസൃതം നിർമ്മിക്കപ്പെട്ടതാണോ എന്നത് ബന്ധപ്പെട്ട എഞ്ചിനിയർ ഉറപ്പു വരുത്തേണ്ടതായിരുന്നു. ഇത്തരത്തിലുള്ള പരിശോധനകളൊന്നും നടത്താതെ പ്രസ്തുത സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അനുവദിച്ച് നൽകുകയാണ് ചെയ്തത്. കേരള പഞ്ചായത്ത് രാജ് നിയമം പട്ടിക 3 പ്രകാരം കെട്ടിട നിർമ്മാണം നിയന്ത്രിക്കുക എന്നത് ഗ്രാമപ്പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. പഞ്ചായത്തിൽ നിന്ന് അനുമതി തേടാതെയുള്ള നിർമ്മാണങ്ങൾക്കെതിരെ പഞ്ചായത്ത് രാജ് നിയമം, കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പഞ്ചായത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന് പരിശോധന നടത്തേണ്ടതും നിയമാനുസൃതം തുടർ നടപടി സ്വീകരിച്ച് അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

തുടർ നടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 21/ 28.06.2022 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-16 കാലിത്തീറ്റ വിതരണം-മാർഗ്ഗരേഖ നിർദ്ദേശം പാലിച്ചില്ല.

പ്രൊജക്ട് : കാലിത്തീറ്റ വിതരണം (77/21)

അടങ്കൽ - 600000 (വികസന ഫണ്ട് - 300000 ; ഗുണഭോക്തൃ വിഹിതം - 300000 )

ചെലവ്- 599610/- (വികസന ഫണ്ട് - 299805 ; ഗുണഭോക്തൃ വിഹിതം - 299805 )

ബിൽ നമ്പർ-9/20-21 Dtd 09.10.2020 (299805 രൂപ)

ചെക്ക് നമ്പർ-02003684 Dtd 20.10.2020 (299805 രൂപ)
നിർവ്വഹണ ഉദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ

സ.ഉ(കൈ)നം.22/2018/തസ്വഭവ, തീയതി-14.02.2018 പ്രകാരം കാലിത്തീറ്റ വിതരണം ക്ഷീര സഹകരണ സംഘങ്ങൾ മുഖേനയാണ് നടത്തേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ മേൽ പദ്ധതി പ്രകാരം 474 ചാക്ക് കാലിത്തീറ്റ കേരള ഫീഡ്സ് ലിമിറ്റഡിൽ നിന്നും വാങ്ങി സുറുമ കുടുംബശ്രീ യൂണിറ്റ് മുഖേനയാണ് വിതരണം ചെയ്തിട്ടുള്ളത്.

മാർഗ്ഗരേഖക്ക് വിരുദ്ധമായി കുടുംബശ്രീ യൂണിറ്റു മുഖേന കാലിത്തീറ്റ വിതരണം നടത്തിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(5/23.06.22) നിലവിൽ ഗ്രാമപഞ്ചായത്തിൽ ക്ഷീര സഹകരണ സംഘങ്ങൾ ഇല്ലാത്തതിനാലും പ്രാധാന്യമർഹിക്കുന്ന പദ്ധതി ആയതിനാലുമാണ് സുറുമ കുടുംബശ്രീ യൂണിറ്റ് മുഖേനയാണ് വിതരണം ചെയ്തിട്ടുള്ളതെന്നും ക്ഷീര സഹകരണ സംഘങ്ങൾ തുടങ്ങുന്നതിനുള്ള മുന്നൊരുക്കങ്ങൾ ക്ഷീര വികസന

ഓഫീസുമായി സഹകരിച്ച തുടങ്ങിയിട്ടുണ്ടെന്നുമുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സബ്സിഡി മാർഗരേഖ പ്രകാരം ക്ഷീര വികസനം ലക്ഷ്യം വെച്ചുള്ള പല പദ്ധതികളും ക്ഷീര സഹകരണ സംഘങ്ങൾ വഴിയാണ് നടപ്പിലാക്കുന്നത് എന്നതിനാൽ ക്ഷീരസംഘങ്ങൾ രൂപീകരിക്കുന്ന നപടികൾ ത്വരിതപ്പെടുത്തുന്നതിനായി വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 പഞ്ചായത്ത് പരിധിയിൽ CCTV ക്യാമറ സ്ഥാപിക്കൽ - പ്രൊജക്ട് നടപ്പായില്ല

നിർവഹണം : സെക്രട്ടറി

പ്രൊജക്ട് നമ്പർ : 227/21 പഞ്ചായത്തിലെ വിവിധ അങ്ങാടികളിൽ CCTV ക്യാമറ സ്ഥാപിക്കൽ

അടങ്കൽ തുക : 2,19,465 രൂപ

ചെലവ് തുക : 24,385 രൂപ

ഫണ്ട് : തനത് ഫണ്ട്

വൗച്ചർ നമ്പർ : 22000271/25.02.2021

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രൊജക്ട് പ്രകാരം 24,385 രൂപ സെന്റേജ് ചാർജ് ഇനത്തിൽ PWD ഇലക്ട്രോണിക്, പാലക്കാടിന് നൽകിയിട്ടുണ്ട്. 06.02.2021 ന് ട്രഷറി ചലാൻ വഴി പ്രസ്തുത തുക അടവാക്കി. മേൽ പദ്ധതിക്കായി 2018-19 വർഷത്തിൽ 200000 രൂപ വകയിരുത്തിയിരുന്നു. എന്നാൽ 2018-19 ൽ ഈ ഇനത്തിൽ തുക ചെലവഴിച്ചില്ല. പൊതുമരാമത്ത് ഇലക്ട്രോണിക് വിഭാഗം മഞ്ചേരി തയ്യാറാക്കിയ 2 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 28.01.2019ലെ 9/1 തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്. (എസ്റ്റിമേറ്റ് നമ്പർ EC/MJI/W 136/2018-19 Dtd : 14.01.2018) മേൽ എസ്റ്റിമേറ്റ് പ്രകാരം 2.5% (4877 രൂപ) യായിരുന്ന സെന്റേജ് ചാർജ്. പിന്നീട് സെന്റേജ് ചാർജ് 12.5% മായി പുനർ നിർണ്ണയിച്ച് എസ്റ്റ്മേറ്റ് റിവൈസ് ചെയ്തു. (എസ്റ്റിമേറ്റ് തുക - 195080/- സെന്റേജ് ചാർജ് - 24385/-)

11.11.2019 ന് ടെണ്ടർ ക്ഷണിച്ച് 2020-21 വർഷത്തിൽ സെന്റേജ് ചാർജ് അടവാക്കിയിട്ടും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചതായി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 26/28.06.2022) ലഭ്യമാക്കിയ മറുപടിയിൽ ഇലക്ട്രോണിക് വിഭാഗം എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിന് കാലതാമസം നേരിട്ടതാണ് പ്രൊജക്ട് വൈകാൻ ഇടയാക്കിയത് എന്നറിയിച്ചിട്ടുണ്ട്. ഇതു വരെയായി പ്രവൃത്തിയുടെ വാല്വേഷൻ ലഭിക്കാത്തതിനാൽ ഫൈനൽ ബിൽ നൽകിയിട്ടില്ല എന്നും വിശദീകരിച്ചിട്ടുണ്ട്.

പ്രവൃത്തി പൂർത്തീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്ററിൽ പ്രസ്തുത വിവരം ചേർക്കേണ്ടതും, വാറണ്ടി ഉൾപ്പെടെയുള്ള രേഖകൾ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതുമാണ്.

## 1-18 KSEB നിക്ഷേപ പ്രവൃത്തി - പൂർത്തീകരണ വിവരം ലഭ്യമല്ല

ഗ്രാമ പഞ്ചായത്ത് പരിധിയിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ, ഇലക്ട്രിക്ക് ലൈൻ ദീർഘിപ്പിക്കൽ പ്രൊജക്ടുകളുമായി ബന്ധപ്പെട്ട് 2020-21 വർഷത്തിൽ 9,51,955/- രൂപ വിവിധ പ്രവൃത്തികൾക്കായി കെ. എസ്. ഇ. ബി യിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രവൃത്തികളിൽ ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്ട് നമ്പർ / പേര് | തുക നിക്ഷേപിച്ച സ്ഥാപനം | ചെലവ് വിശദാംശം |
|---|---|---|
| 25/ വാർഡ് 20 ൽ സ്ട്രീറ്റ് മെയിൻ | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ തിരൂരങ്ങാടി | അടങ്കൽ : 50000<br>ബിൽ നമ്പർ : 28/25.01.2021<br>തുക : 49,921 രൂപ<br>ഫണ്ട് : ധനകാര്യ കമ്മീഷൻ അവാർഡ് |
| 26/ എം കുഞ്ഞീരുമ്മ റോഡ് സ്ട്രീറ്റ് മെയിൻ | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ തിരൂരങ്ങാടി | അടങ്കൽ : 50000<br>വൗച്ചർ നമ്പർ : 22000276/25.02.2021<br>തുക : 49,980 രൂപ<br>ഫണ്ട് : തനത് ഫണ്ട് |

| | | |
|---|---|---|
| 27/ മച്ചിങ്ങൽതാഴം ഭാഗത്ത് സ്ട്രീറ്റ് മെയിൻ | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ തിരൂരങ്ങാടി | അടങ്കൽ : 50000<br>വൗച്ചർ നമ്പർ : 22000277/25.02.2021<br>തുക : 49,980 രൂപ<br>ഫണ്ട് : തനത് ഫണ്ട് |
| 28/ മുക്കായി ലക്ഷം വീട് സ്ട്രീറ്റ് മെയിൻ | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ തിരൂരങ്ങാടി | അടങ്കൽ : 50000<br>ബിൽ നമ്പർ : 29/25.01.2021<br>തുക : 49,980 രൂപ<br>ഫണ്ട് : ധനകാര്യ കമ്മീഷൻ അവാർഡ് |
| 29/ വാർഡ് 13 ൽ സ്ട്രീറ്റ് മെയിൻ | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ താനൂർ ഈസ്റ്റ് | അടങ്കൽ : 75000<br>ബിൽ നമ്പർ : 36/20.02.2021<br>തുക : 73,750 രൂപ<br>ഫണ്ട് : ധനകാര്യ കമ്മീഷൻ അവാർഡ് |
| 30/ വാർഡ് 3 ൽ സ്ട്രീറ്റ് മെയിൻ | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ തിരൂരങ്ങാടി | അടങ്കൽ : 50000<br>ബിൽ നമ്പർ : 30/25.01.2021<br>തുക : 49,980 രൂപ<br>ഫണ്ട് : ധനകാര്യ കമ്മീഷൻ അവാർഡ് |
| 32/ മാതാരി മുഹമ്മദ് ഹാജി സ്മാരക റോഡ് ത്രീ ഫേസ് സ്ട്രീറ്റ് മെയിൻ | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ വെന്നിയൂർ | അടങ്കൽ : 75000<br>ബിൽ നമ്പർ : 42/20.02.2021<br>തുക : 43,939 രൂപ<br>ഫണ്ട് : ധനകാര്യ കമ്മീഷൻ അവാർഡ് |
| 33/ അബ്ദുൽ കലാം ആസാദ് പാത് വേ ത്രീ ഫേസ് സ്ട്രീറ്റ് മെയിൻ | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ വെന്നിയൂർ | അടങ്കൽ : 75000<br>ബിൽ നമ്പർ : 39/20.02.2021<br>തുക : 56,916 രൂപ<br>ഫണ്ട് : ധനകാര്യ കമ്മീഷൻ അവാർഡ് |
| 34/ താഴത്തെപറമ്പിൽ കക്കാട്ട് പാടം റോഡ് ത്രീ ഫേസ് സ്ട്രീറ്റ് മെയിൻ | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ തിരൂരങ്ങാടി | അടങ്കൽ : 75000<br>ബിൽ നമ്പർ : 41/20.02.2021<br>തുക : 74,868 രൂപ<br>ഫണ്ട് : ധനകാര്യ കമ്മീഷൻ അവാർഡ് |
| 35/പടിക്കത്താഴം കൊളക്കാട്ട് പാടം റോഡ് ത്രീ ഫേസ് സ്ട്രീറ്റ് മെയിൻ | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ വെന്നിയൂർ | അടങ്കൽ : 75000<br>ബിൽ നമ്പർ : 40/20.02.2021<br>തുക : 73,542 രൂപ |

| | | |
|---|---|---|
| | | ഫണ്ട് : ധനകാര്യ കമ്മീഷൻ അവാർഡ് |
| 36/വാർഡ് 6 ൽ സ്ട്രീറ്റ് മെയിൻ | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ വെന്നിയൂർ | അടങ്കൽ : 70000<br>ബിൽ നമ്പർ : 47/09.03.2021<br>തുക : 62,058 രൂപ<br>ഫണ്ട് : ധനകാര്യ കമ്മീഷൻ അവാർഡ് |
| 186/വെങ്ങാട്ടമ്പലം പന്തീരായക്കൽ റോഡ് സ്ട്രീറ്റ് മെയിൻ | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ വെന്നിയൂർ | അടങ്കൽ : 70000<br>ബിൽ നമ്പർ : 03/26.05.2020<br>തുക : 65,450 രൂപ<br>ഫണ്ട് : ധനകാര്യ കമ്മീഷൻ അവാർഡ് |
| 187/തോട്ടുങ്ങൽ വട്ടപ്പറമ്പ് റോഡ് സ്ട്രീറ്റ് മെയിൻ | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ വെന്നിയൂർ | അടങ്കൽ : 150000<br>ബിൽ നമ്പർ : 02/26.05.2020<br>തുക : 1,49,940 രൂപ<br>ഫണ്ട് : ധനകാര്യ കമ്മീഷൻ അവാർഡ് |
| 169/ വാർഡ് 15 ലെ മദ്രസ്സ പടി എസ്.എൻ.യു.പി സ്കൂൾ റോഡ് സ്ട്രീറ്റ് മെയിൻ | കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ താനൂർ ഈസ്റ്റ് | അടങ്കൽ : 50000<br>ബിൽ നമ്പർ : 35/20.02.2021<br>തുക : 48,380 രൂപ<br>ഫണ്ട് : ധനകാര്യ കമ്മീഷൻ അവാർഡ് |
| 256/ പഞ്ചായത്തിലെ വിവിധ റോഡുകളിൽ ഗതാഗതത്തിന് തടസ്സം നിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | കെ. എസ്. ഇ. ബി ഇലക്ട്രിക്കൽ സെക്ഷൻ തിരൂരങ്ങാടി | അടങ്കൽ : 89980<br>ബിൽ നമ്പർ : 05/12.06.2020<br>തുക : 24,790 രൂപ<br>ബിൽ നമ്പർ : 14/17.08.2020<br>തുക : 28,481 രൂപ<br>ഫണ്ട് : ധനകാര്യ കമ്മീഷൻ അവാർഡ് |
| ആകെ | | 9,51,955 |

രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 13/27.06.2022) ലഭ്യമാക്കിയ മറുപടിയിൽ എല്ലാ പ്രവൃത്തികളും കെ. എസ്. ഇ. ബി പൂർത്തീകരിച്ചതായും, എന്നാൽ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.

പ്രവൃത്തി പൂർത്തീകരണ, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. പൂർത്തീകരണ വിവരം/വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 9,51,955 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-19 ഷട്ടർ നിർമ്മാണം - പൂർത്തീകരണ വിവരം ലഭ്യമല്ല

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 2020-21 വർഷത്തിൽ നടപ്പാക്കിയ ചുവടെ ചേർത്ത ഡെപ്പോസിറ്റ് പ്രവൃത്തിയുടെ പൂർത്തീകരണ വിവരം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| പ്രൊജക്റ്റ് നമ്പർ / പേര് | തുക നിക്ഷേപിച്ച സ്ഥാപനം | ചെലവ് വിശദാംശം |
|---|---|---|
| 17/21 തോട്ടിൻപുറം തോട്ടിൽ ഷട്ടർ നിർമ്മാണം<br>എസ്റ്റിമേറ്റ് നമ്പർ : 2020/3/MH | ചെറുകിട ജലസേചന വകുപ്പ്, മലപ്പുറം | അടങ്കൽ : 5,50,000<br>ബിൽ നമ്പർ : 07/29.06.2020<br>തുക : 5,50,000 രൂപ<br>ഫണ്ട് : വികസന ഫണ്ട് ജനറൽ |

രേഖകൾ പരിശോധനക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 14/27.06.2022) ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തി പൂർത്തീകരിച്ചത് 2021-22 വർഷത്തിലാണെന്നും, പൂർത്തീകരണ വിവരം, ധന വിനിയോഗ സാക്ഷ്യപത്രം എന്നിവ ചെറുകിട ജലസേചന വകുപ്പിൽ നിന്ന് ലഭിച്ചിട്ടില്ല എന്നും, ആയത് ഹാജരാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

പ്രവൃത്തി പൂർത്തീകരണ, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്. പൂർത്തീകരണ വിവരം/വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുക 5,50,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-20 മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

നിർവഹണം : സെക്രട്ടറി

പ്രൊജക്റ്റ് നമ്പർ : 257/21 മിനി മാസ്റ്റ് സ്ഥാപിക്കൽ

അടങ്കൽ തുക : 4,00,000 രൂപ

ചെലവ് തുക : 3,35,383 രൂപ

ബിൽ നമ്പർ : 25/31.12.2020 – 21439/- രൂപ

ബിൽ നമ്പർ : 34/20.02.2021 – 313944/- രൂപ

ഫണ്ട് : ധനകാര്യ കമ്മീഷൻ അവാർഡ്

നന്നമ്പ്ര ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി 3,35,383 രൂപ ചെലവഴിച്ചിട്ടുണ്ട്. Kerala Rural Employment And Welfare Society - ക്രൂസ് മുഖേനയാണ് പദ്ധതി നടപ്പിലാക്കിയത്. ക്രൂസിന്റെ വില വിവര പട്ടികയിലെ 4 X 50 W Mini Mast LED Flood Light With 6 Mtr Pole, With Foundation എന്ന ഇനം 78486/- രൂപ നിരക്കിൽ 4എണ്ണമാണ് പർച്ചേസ് ചെയ്തത്. ഇൻവോയ്സ് നമ്പർ KREWS/A141/20-21 Dt: 22.10.2020. ആകെ 313944 രൂപ ക്രൂസിന് നൽകി (4 X 78486 = 313944). ഇത് കൂടാതെ മേൽ പ്രോജക്റ്റ് നടപ്പിലാക്കുന്നതിന് വൈദ്യുതി കണക്ഷൻ ചാർജ് ഇനത്തിൽ ചുവടെ ചേർക്കും പ്രകാരം തുക കെ.എസ്.ഇ.ബിയിൽ അടവാക്കി.

| ഇലക്ട്രിക്കൽ സെക്ഷൻ | ഡിമാന്റ് നോട്ടീസ് നമ്പർ | തുക | മിനി മാസ്റ്റ് സ്ഥാപിക്കുന്ന സ്ഥലം |
|---|---|---|---|
| വെന്നിയൂർ | DB/DEMAND NOTICE/20-21/AE/VNR Dt: 09.11.2020 | 8724 | കുണ്ടൂർ അബുദാബി ഭാഗത്ത് |
| താനൂർ ഈസ്റ്റ് | DB/AE-TNRE/20-21/63 Dt: 27.11.2020 | 2071 | നന്നമ്പ്ര പള്ളിക്കടുത്ത് |
| തിരൂരങ്ങാടി | - | 2054 | - |
| തിരൂരങ്ങാടി | - | 8590 | - |
| ആകെ | | 21439 | |

പദ്ധതിയുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. വിതരണം ചെയ്തതുമുതൽ 24 മാസം വിളക്കുകൾക്ക് വാറണ്ടിയുണ്ട്. വാറണ്ടി വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2. പൊതുജനങ്ങൾക്ക് പദ്ധതി നടത്തിപ്പ് സംബന്ധിച്ച് പരാതികൾ നൽകുന്നതിനായി ഗ്രാമപഞ്ചായത്തിൽ പരാതി പുസ്തകം സൂക്ഷിക്കണം എന്ന് ജി2-44274/2015 തി. 17.08.2015 പ്രകാരം നിർദ്ദേശമുള്ളതാണ്. മിനി മാസ്റ്റ് ലൈറ്റുകളുടെ കേടുപാടുകൾ സംബന്ധിച്ച് പൊതുജനങ്ങൾക്ക് റിപ്പോർട്ട് ചെയ്യുന്നതിന് കംപ്ലയിന്റ് ബുക്ക് സൂക്ഷിച്ചിട്ടില്ല.

ഇത് കൂടാതെ തെരുവ് വിളക്കുകൾ സംബന്ധിച്ച് വ്യക്തമായ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ഇക്കാര്യം മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിലും സൂചിപ്പിച്ചിട്ടുള്ളതാണ്. 2020-21 വർഷത്തിൽ പ്രൊജക്റ്റ് നമ്പർ 259/21 പ്രകാരം 558 തെരുവ് വിളക്കുകൾ വാങ്ങി വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുണ്ട്. (ആകെ ചെലവ് 950557 രൂപ, ബിൽ നമ്പർ 21/19.11.2020) പദ്ധതി നിർവ്വഹണം നടത്തുന്നതിന് മുൻപ് ഗ്രാമപഞ്ചായത്തിലെ പ്രവർത്തിക്കുന്നതും പ്രവർത്തന രഹിതമായതുമായ, വിവിധ

വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള തെരുവു വിളക്കുകൾ സംബന്ധിച്ച് വ്യക്തമായ വിവര ശേഖരണം നടത്തിയിട്ടില്ല. കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി വിവര ശേഖരണം നടത്തുവാൻ സർക്കാർ നിർദ്ദേശമുള്ളതാണെങ്കിലും ആയത് നടത്തിയിട്ടില്ല (ഗവ.സർക്കുലർ നം.3055/ഡി.എ.3/2011/തസ്വഭവ തി.15.09.2011). കൂടാതെ, ഈ പദ്ധതി പ്രകാരം സ്ഥാപിച്ച തെരുവുവിളക്കുകളുടെ മുഴുവൻ വിശദാംശങ്ങളും സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

മിനി മാസ്റ്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് രേഖകൾ പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 15/27.06.2022) ലഭ്യമാക്കിയ മറുപടിയിൽ 4 സ്ഥലങ്ങളിൽ മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചതായും നിലവിൽ പ്രവർത്തനക്ഷമമായതായും അറിയിച്ചിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല എന്നും, മാസ്റ്റ് ലൈറ്റുകൾ, തെരുവ് വിളക്കുകൾ എന്നിവക്ക് കംപ്ലയിന്റ് ബുക്ക് സൂക്ഷിച്ചിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്.

അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-21 പൊതു മരാമത്ത് പ്രവൃത്തികൾ - അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനിയർ 2020-21 ൽനടപ്പാക്കിയ പ്രൊജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

I) പ്രവൃത്തികളുടെ നടത്തിപ്പ്

2020-21 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 118 പ്രൊജക്ടുകളാണ് തയ്യാറാക്കിയത്. ഇതിൽ 84 പ്രൊജക്ടുകളിലായി ആകെ 20694349 രൂപയാണ് ചെലവഴിച്ചത്.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 118 | ആകെ അടങ്കൽ | 36342537 |
| നടപ്പിലാക്കിയത് | 84 | ചെലവ് | 20694349 |
| ശതമാനം | 71 | ചെലവ് ശതമാനം | 57 |

II)ടെണ്ടറിൽ മത്സരമില്ല .

പഞ്ചായത്ത് മാന്വൽ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത ബഹുഭൂരിപക്ഷം പ്രവൃത്തികളിലും രണ്ട് കരാറുകാർ മാത്രമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ഇതിൽ ഒരാൾ എസ്റ്റിമേറ്റ് നിരക്ക്/ എസ്റ്റിമേറ്റ് നിരക്കിനെക്കാൾ നാമമാത്ര കുറവും അപരൻ എസ്റ്റിമേറ്റിനെക്കാൾ ഉയർന്ന നിരക്കും ക്വോട്ട് ചെയ്യുകയാണ് ചെയ്യുന്നത്.

ടെണ്ടർ പരസ്യങ്ങൾക്ക് കൂടുതൽ പ്രചാരം നൽകിയും ആവശ്യമെങ്കിൽ ഇ ടെണ്ടർ സ്വീകരിച്ചുകൊണ്ടും കൂടുതൽ ടെണ്ടറുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും അതുവഴി ടെണ്ടറിന്റെ മത്സരക്ഷമത ഉയർത്താവുന്നതുമാണ്.

III-റോഡ് കണക്ടിവിറ്റി മാപ്പും പ്ലാ നം തയ്യാറാക്കിയിട്ടില്ല .

പദ്ധതിയുടെ ഭാഗമായി റോഡ് കണക്ടിവിറ്റി മാപ്പ്, റോഡ് കണക്ടിവിറ്റി പ്ലാൻ എന്നിവ തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിർദേശിച്ചതാണ്. എന്നാൽ ഈ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

IV-ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല .

ഗ്രാമപ്പഞ്ചായത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ആസ്തികളുടെ സമഗ്ര വികസനമാണ് ഇതു കൊണ്ട് ഉദ്ദേശിക്കുന്നത്.

പദ്ധതി പരിശോധിച്ചതിൽ സർക്കാർ നിർദ്ദേശിക്കും പ്രകാരമുള്ള ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല എന്ന് വ്യക്തമായി.

V) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല .

ആസ്തികളുടെ വിവരം രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്ററിൽ കാലാകാലങ്ങളിലുള്ള വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല. മിക്ക ആസ്തികളുടെയും അപൂർണ്ണമായ വിവരങ്ങൾ ആണ് രജിസ്റ്ററിൽ ചേർത്തിട്ടുള്ളത്.

VI) രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനിയറുടെ 19.01.2017 ലെ ഇ7/11350/2015/CE/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിലെ എഞ്ചിനിയറിംഗ് ഓഫീസുകളിൽ വിവിധ രജിസ്റ്ററുകൾ സൂക്ഷിക്കാൻ നിർദേശിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് എഞ്ചിനിയറിംഗ് ഓഫീസിൽ ഇവ പൂർണ്ണമായി എഴുതി സൂക്ഷിക്കുന്നില്ല.

പ്രൊജക്ട് രജിസ്റ്റർ, ടെണ്ടർ ഫോറം ഇഷ്യൂ രജിസ്റ്റർ, സെക്യൂരിറ്റി രജിസ്റ്റർ, തുടങ്ങിയ രജിസ്റ്ററുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഹാജരാക്കിയ വിവിധ രജിസ്റ്ററുകളുടെ സൂക്ഷിപ്പിൽ അപാകതകൾ കണ്ടു.

1)കാഷ് ബുക്ക്

2020-21 വർഷത്തെ കാഷ് ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയത് പരിശോധിച്ചു. 2020-21 വർഷത്തെ ചെലവ് പൂർണ്ണമായി കാഷ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കാഷ് ബുക്ക് പ്രകാരം അസിസ്റ്റന്റ് എഞ്ചിനിയർക്ക് കാഷ് ബാലൻസ് ഇല്ല. എന്നാൽ

അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിൽ ചെലവഴിക്കാതെ പണം അവശേഷിക്കുന്നുണ്ട്.

കാഷ്ബുക്കിലെ രേഖപ്പെടുത്തലുകൾ പൂർണ്ണമായും ശരിയല്ല എന്നാണ് ഇതിൽ നിന്ന് വ്യക്തമാകുന്നത്.

2)ടെണ്ടർ രജിസ്റ്റർ

ടെണ്ടർ സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ എഴുതാതെയും, അസിസ്റ്റന്റ് എഞ്ചിനിയർ സാക്ഷ്യപ്പെടുത്താതെയുമാണ് ടെണ്ടർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടുള്ളത്.

3) സെക്യൂരിറ്റി രജിസ്റ്റർ

സെക്യൂരിറ്റി രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയില്ല. പ്രവൃത്തി പൂർത്തീകരിച്ച തിയ്യതി, ഡിഫക്റ്റ് ലയബിലിറ്റി കാലയളവ്, സെക്യൂരിറ്റി തിരിച്ച് നൽകേണ്ട തിയ്യതി എന്നിങ്ങനെ ആവശ്യമായ എല്ലാ വിവരങ്ങളും ചേർത്ത് രജിസ്റ്റർ എഴുതേണ്ടതാണ്.

VII) പ്രവൃത്തി പൂർത്തീകരണ സമയം കരാറിൽ വ്യക്തമാക്കുന്നില്ല .

ടെണ്ടർ ഷെഡ്യൂളിൽ പരാമർശിച്ച അംഗീകരിച്ച പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്ര എന്നും പ്രവൃത്തി വൈകിയാൽ ഏത് നിരക്കിൽ പിഴ ഈടാക്കും എന്നതും കരാറുകാരുമായുള്ള ഉടമ്പടിയിൽ വ്യക്തമാക്കേണ്ടതാണ്. എന്നാൽ നിലവിൽ കരാറിൽ പ്രവൃത്തി പൂർത്തീകരണ കാലയളവ് എത്രയാണ് എന്ന് വ്യക്തമാക്കുന്നില്ല.

മേൽ പരാമർശിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു.

ഗ്രാമപ്പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ തിരുരങ്ങാടി സബ് ട്രഷറിയിൽ ഉള്ള 799011400002946 നമ്പർ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന പണത്തിന്റെ വിവരം താഴെ നൽകുന്നു.

| തിയ്യതി | തുക |
|---|---|
| 01.04.2020 | 73561 |
| 23.04.2020 | 89479 |
| 19.05.2021 | 89479 |
| 22.02.2022 | 89479 |

23.04.2020 മുതൽ നാളിതുവരെയും ₹ 89479 ചെലവഴിക്കാതെ അക്കൗണ്ടിൽ ഉണ്ട്.

മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിച്ച് ബിൽ തയ്യാറാക്കി കരാറുകാർക്ക് നൽകുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയർ ആവശ്യപ്പെടുന്ന തുക മാത്രമാണ് ഈ അക്കൗണ്ടിലേക്ക് അനുവദിക്കപ്പെടുന്നത് എന്നതിനാൽ ഇതിൽ പണം ചെലവഴിക്കാതെ അവശേഷിക്കാൻ പാടില്ല. അസിസ്റ്റന്റ് എഞ്ചിനിയറുടെ കാഷ്ബുക്കിലും ഇത്തരം നീക്കിയിരുപ്പിന്റെ വിവരം രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 2/23.06.2022 ) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത തുക IT, GST ഇനത്തിൽ അതാത് വകുപ്പുകളിലേക്ക് ഒടുക്കു വരുത്താനുള്ളതാണെന്നും അത് ഒടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. കരാറുകാരിൽ നിന്ന് പിടിക്കുന്ന IT, GST TDS തുകകൾ യഥാസമയം കരാറുകാരുടെ പേരിൽ അതാത് വകുപ്പുകളിൽ ഒടുക്കുവരുത്താത്തത് നിർവഹണോദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള ഗൗരവതരമായ വീഴ്ചയാണ്.
തുക അതാത് കരാറുകാരുടെ പേരിൽ ഒടുക്ക് വരുത്തി വിവരം അറിയിക്കേണ്ടതാണ്.

## 1-23 ഇ. ടെണ്ടർ - ടെണ്ടർ ഫീ പഞ്ചായത്തിൽ അടച്ചില്ല

2020-21 വർഷത്തിൽ പഞ്ചായത്തിൽ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ കരാറുകാർ അടവാക്കിയ തുക നാളിതുവരെ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. ഇത് മലപ്പുറം എൽ.എസ്.ജി.ഡി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ആണ് ഉള്ളത് എന്നാണ് ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (3/23.06.2022 ) മറുപടി ലഭ്യമാക്കിയത്.

ഇ ടെണ്ടറിൽ ടെണ്ടർ ഫീ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നത് ഒഴിവാക്കുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ ടെണ്ടറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകി 02.10.2017 ലെ GO(Rt) 3186/2017/ LSGD നമ്പർ പ്രകാരം സർക്കാർ ഉത്തരവ് ഉണ്ടായിട്ടും ഇത്തരത്തിൽ അക്കൗണ്ട് ആരംഭിച്ച് ഇ ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് നടപടി സ്വീകരിക്കാത്തതാണ് പഞ്ചായത്തിന്റെ തനത് വരുമാനമായി ലഭിക്കേണ്ട പണം നാളിതുവരെ ലഭിക്കാത്തതിന് കാരണം .

സർക്കാർ ഉത്തരവ് പ്രകാരം തുടർ നടപടി സ്വീകരിച്ച് ഇ ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് ക്രമീകരണം ചെയ്യേണ്ടതും നാളിതുവരെ ഈ ഇനത്തിൽ ലഭിക്കാനുള്ള തുക കണക്കാക്കി അത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ

അക്കൗണ്ടിൽ നിന്ന് തിരികെ ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-24 ടെണ്ടർ തുറക്കൽ - ചട്ടത്തിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല.

ഗ്രാമപഞ്ചായത്തുകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നടത്തേണ്ടത് കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ അടിസ്ഥാനമാക്കിയാണ്. മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ സ്വീകരിക്കുന്ന നടപടി ക്രമങ്ങൾ ഈ ചട്ടങ്ങളിലെ ചട്ടം 10 ൽ വ്യക്തമായി പരാമർശിക്കുന്നുണ്ട്.

ടെണ്ടർ തുറക്കുമ്പോൾ ടെണ്ടർ സ്വീകരിക്കുന്ന ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ട നടപടികൾ താഴെ പറയും പ്രകാരം ചട്ടത്തിൽ വ്യക്തമാക്കുന്നുണ്ട്.

* ഓരോ ടെണ്ടറിലും അത് നൽകിയ ആൾ വരുത്തിയിട്ടുള്ളതും സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമായ തിരുത്തലുകൾ ഉണ്ടെങ്കിൽ അവക്കുനേരെ ടെണ്ടർ തുറക്കുന്ന ഉദ്യോഗസ്ഥൻ ക്രമനമ്പർ രേഖപ്പെടുത്തി ചുരുക്കൊപ്പ് വയ്ക്കേണ്ടതാണ്. സാക്ഷ്യപ്പെടുത്താത്ത തിരുത്തലുകൾ ഉണ്ടെങ്കിൽ ആ തിരുത്തലുകളെപ്പറ്റി ടെണ്ടറിൽ രേഖപ്പെടുത്തേണ്ടതാണ്. [ചട്ടം 10 (7) ]

* ടെണ്ടർ തുറക്കുന്നയാൾ ടെണ്ടറിൽ സ്വന്തം കൈപ്പടയിൽ കരാറുകാരൻ രേഖപ്പെടുത്തിയിട്ടുള്ള ടെണ്ടർ നിരക്കിന്റെ ശതമാനം അക്കത്തിലും അക്ഷരത്തിലും രേഖപ്പെടുത്തി കയ്യൊപ്പ് വയ്ക്കേണ്ടതാണ് [ ചട്ടം 10(8) ]

പഞ്ചായത്തിൽ തൻവർഷം മാന്വൽ ടെണ്ടർ ചെയ്ത പ്രവൃത്തികളിന്മേൽ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ല. ഏതാനും പ്രവൃത്തികളുടെ ടെണ്ടറുകളിൽ അസിസ്റ്റന്റ് എഞ്ചിനിയർ സാക്ഷ്യപ്പെടുത്താത്ത തിരുത്തലുകൾ കണ്ടെത്തുകയും ചെയ്തു.

ടെണ്ടർ തുറക്കുന്നതിൽ കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെ നടത്തിപ്പ് ) ചട്ടങ്ങൾ നിർദ്ദേശിച്ച കാര്യങ്ങൾ പൂർണ്ണമായി പാലിക്കേണ്ടതാണ്.

(മേൽ കാര്യങ്ങൾ പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 8/27.06.2022 ) ചട്ടത്തിലെ നിർദ്ദേശങ്ങൾ തുടർന്നുള്ള ടെണ്ടറുകളിൽ പാലിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്)

## 1-25 റോഡ് പ്രവൃത്തിക്ക് തെറ്റായി ഓവർഹെഡ് ചാർജ്ജ് നൽകി ₹ 28131 നഷ്ടം

ഗ്രാമപ്പഞ്ചായത്തിൽ റോഡ് പ്രവൃത്തികൾ നടപ്പാക്കുന്നത് Mord ഷെഡ്യൂൾ നിരക്ക് അടിസ്ഥാനമാക്കിയാണ്. സാധാരണ റോഡ് പ്രവൃത്തികൾക്ക് (റോഡ് ടാറിംഗ്, കോൺക്രീറ്റ്, പാർശ്വഭിത്തി നിർമ്മാണം , റോഡ് സംരക്ഷണ, പുനരുദ്ധാരണ പ്രവൃത്തികൾ തടങ്ങിയവ) Mord പ്രകാരം അനുവദിക്കാവുന്ന ഓവർഹെഡ് ചാർജ്ജ് 10% ആണ്. എന്നാൽ 20-21 നടപ്പാക്കിയ വെള്ളിയാമ്പുറം കൊടക്കാട്ട്പാടം റോഡ് സൈഡ് കെട്ടി സംരക്ഷണം ( 239/21 ) എന്ന പ്രൊജക്റ്റിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ പ്രസ്തുത പ്രവൃത്തിക്ക് അർഹമായ 10% ഓവർഹെഡ് ചാർജ്ജിന് പകരം 15% ഓവർഹെഡ് ചാർജ്ജ് അനുവദിച്ച് നൽകിയത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായി.

വിശദ വിവരം താഴെ നൽകുന്നു.

പ്രവൃത്തി - വെള്ളിയാമ്പുറം കൊടക്കാട്ട്പാടം റോഡ് സൈഡ് കെട്ടി സംരക്ഷണം ( 239/21)

എസ്റ്റിമേറ്റ് നം 2019/34556

സാങ്കേതികാനുമതി 62667/2019-20 Dt 22.09.2019

എം ബുക്ക് 153/19-20

മൂല്യ നിർണ്ണയം 577785.38 +12% GST= 647120

ചെലവ് 647120 ( 201506520357003998873/ 06.08.2020 )

10% ഓവർഹെഡ് ചാർജ്ജ് പരിഗണിച്ച് പ്രവൃത്തിക്ക് നൽകാവുന്ന നിരക്ക് താഴെ നൽകുന്നു

| ഇനം / പ്രവൃത്തി | എസ്റ്റിമേറ്റിൽ അനുവദിച്ച നിരക്ക് | അർഹമായ നിരക്ക് |
|---|---|---|
| 1. Earth Work- (3.5.1) | 238.9 / $M^3$ | 228.52 / $M^3$ |
| 2.DR Masonry (OD) | 2739.58/ $M^3$ | 2620.47/ $M^3$ |
| 3.Concrete (11.4.3.1) | 7893.11/ $M^3$ | 7549.93 / $M^3$ |

എസ്റ്റിമേറ്റിൽ തെറ്റായ നിരക്ക് അനുവദിച്ചത്മൂലമുള്ള നഷ്ടത്തിന്റെ വിവരം താഴെ നൽകുന്നു.

| ഇനം - പ്രവൃത്തി/ ചെയ്ത അളവ് | പ്രവൃത്തിക്ക് നൽകിയ തുക / നിരക്ക് (ക്വോട്ട് ചെയ്തത്) | നൽകാവുന്ന തുക / നിരക്ക് (11.33 % കുറവ് ) | അധികം നൽകിയത് |
|---|---|---|---|
| 1. Earth Work- (3.5.1) | 13862.15 | 13260.11 | 602.04 |

| | | | |
|---|---|---|---|
| 65.44 $M^3$ | @211.83 / $M^3$ | @202.63 / $M^3$ | |
| 2.DR Masonry (OD) 195.095 $M^3$ | 473918.92 @2429.17 / $M^3$ | 453316.89 @2323.57 / $M^3$ | 20602.03 |
| 3.Concrete (11.4.3.1) 12.86 $M^3$ | 90004.31 @6998.78 / $M^3$ | 86091.53 @6694.52/ $M^3$ | 3912.78 |
| | | ആകെ അധികം | 25116.85 |
| 12% GST കൂടി ഉൾപ്പെടെ ആകെ അധികം നൽകിയത്. 25116.85x112% | | | 28131 |

തെറ്റായ എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലമുള്ള നഷ്ടം എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

വിശദ വിവരം ഖണ്ഡിക 3-1 ആയി ചേർത്തിട്ടുണ്ട്.

## 1-26 സർക്കാർ നിർദ്ദേശം പാലിക്കാതെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകി.

സംസ്ഥാനത്തെ പ്രീ പ്രൈമറികൾ ഉൾപ്പെടെയുള്ള സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടത് തദ്ദേശ സ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗമാണ്. ഇത്തരത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നത് എങ്ങനെയായിരിക്കണം എന്ന് വ്യക്തമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് വിവിധ സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 12.09.2011 ലെ 42448/ഇ.ഡബ്ല്യു3/11/ത.സ്വ.ഭ.വ നമ്പർ സർക്കുലർ

2) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 30.12.16 ലെ792455/ഇ.ഡബ്ല്യു3/2016/ത.സ്വ.ഭ.വ നമ്പർ സർക്കുലർ

3)തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24.07.2019 ലെ ഇ.ഡബ്ല്യു3/104/2019-ത.സ്വ.ഭ.വ നമ്പർ സർക്കുലർ

4) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 24.01.2020 ലെ ഇ.ഡബ്ല്യു3/330/2019/ ത.സ്വ.ഭ.വ നമ്പർ സർക്കുലർ

5) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 15.02.21 ലെ ഇ.ഡബ്ല്യുഎ3/179/2020ത.സ്വ.ഭ.വ നമ്പർ സർക്കുലർ

I- സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകേണ്ടത് എങ്ങനെയായിരിക്കണം എന്നതിന് അടിസ്ഥാന നിർദ്ദേശങ്ങൾ നൽകിയത് 12.09.2011 ലെ മേൽ സൂചിപ്പിച്ച ഉത്തരവിലാണ് . ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ നൽകുന്നു.

എ) കെട്ടിട നിർമ്മാണം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായിരിക്കണം.

ബി) കെട്ടിടം നിർമ്മിക്കുന്നതിന് മുമ്പ് തന്നെ ബന്ധപ്പെട്ട എഞ്ചിനീയർമാർക്ക് Plan, Estimate, Structural Drawing, Soil Investigation Details എന്നിവ പരിശോധനക്ക് നൽകിയിരിക്കണം.

സി) എഞ്ചിനീയർമാരുടെ മേൽനോട്ടത്തിൽ മാത്രമെ പ്രവൃത്തികൾ ചെയ്യാൻ പാടുള്ളൂ.

ഡി) സൂപ്പർവിഷൻ ചാർജ്ജായി 1.25% അടക്കേണ്ടതാണ്.

ഇ) ഫിറ്റ്നസ് ആവശ്യമായ എല്ലാ പ്രവൃത്തികളും രൂപകൽപ്പന മുതൽ പൂർത്തീകരണം വരെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയറുടെ സാങ്കേതിക മേൽനോട്ടത്തിൽ തന്നെ നിർവഹിക്കേണ്ടതാണ്.

II- 30.12.2016, 24.07.2019 തിയ്യതികളിലെ സർക്കുലറിൽ മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ് എന്ന് നിർദ്ദേശം നൽകി.

മേൽ ഉത്തരവുകളിൽ നിന്ന് താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമാണ്.

1) കെട്ടിട നിർമ്മാണം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായിരിക്കണം.

2) തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അനുമതിയോടെയുള്ള നിർമ്മാണമായിരിക്കണം.

3) ആദ്യതവണ ഫിറ്റ്നസ് നൽകുമ്പോൾ നിശ്ചിത നിരക്കിൽ ഫീസ് ഈടാക്കണം.

പഞ്ചായത്ത് 2020-21 വർഷങ്ങളിൽ സ്കൂൾ ഫിറ്റ്നസ് നൽകിയതിന്റെ രേഖകൾ പരിശോധിച്ചതിൽ ഫിറ്റ്നസ് നൽകുന്നത് സംബന്ധിച്ച സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിവരുന്നത് എന്ന് വ്യക്തമായി.

പരിശോധനയിൽ വ്യക്തമായ അപാകതകൾ താഴെ നൽകുന്നു.

1) കെട്ടിട നിർമ്മാണം നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമാണോ എന്ന് പരിശോധിച്ചിട്ടില്ല.

2) പഞ്ചായത്ത് നമ്പർ നൽകാത്ത അനധികൃത നിർമ്മിതികൾക്ക് ഉൾപ്പെടെ ഫിറ്റ്നസ് നൽകി.

3) എഞ്ചിനീയറുടെ മേൽനോട്ടത്തിലല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള റിപ്പോർട്ടുകൾ ഇല്ലാതെ സമർപ്പിച്ച അപേക്ഷകളിലും ഫിറ്റ്നസ് നൽകി.

4) സർക്കാർ നിർദ്ദേശിച്ച ആദ്യതവണ ഫീസ് ഈടാക്കിയോ എന്ന് ഉറപ്പ് വരുത്താതെയാണ് ഫിറ്റ്നസ് നൽകിയത്.

വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിൽ സർക്കാർ നിർദ്ദേശം പൂർണ്ണമായി പാലിക്കേണ്ടതാണ്.

ഇക്കാര്യം പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 19/ 27.06.2022 ) മുൻവർഷങ്ങളിൽ ഫിറ്റ്നസ് നൽകിയ കെട്ടിടങ്ങൾക്ക് മാത്രമെ 2020-21 ലും ഫിറ്റ്നസ് നൽകിയിട്ടുള്ളൂ എന്നും പുതിയ കെട്ടിടങ്ങൾക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഫിറ്റ്നസ് നൽകിയത് ലഭ്യമാക്കിയതിന് മാത്രമാണ് തുടർന്ന് ഫിറ്റ്നസ് നൽകിയത് എന്നുമാണ് മറുപടി ലഭ്യമാക്കിയത്.

പുതിയ കെട്ടിടങ്ങൾക്ക് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഫിറ്റ്നസ് നൽകിയത് ലഭ്യമാക്കിയതിന്റെ രേഖ ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ മറുപടിയുടെ നിജസ്ഥിതി ഓഡിറ്റ് പരിശോധിച്ചിട്ടില്ല.

സർക്കാർ നിർദ്ദേശ പ്രകാരം മാത്രമെ സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് നൽകുന്നുള്ളൂ എന്നത് അസിസ്റ്റന്റ് എഞ്ചിനീയർ ഉറപ്പുവരുത്തേണ്ടതാണ്.

## 1-27 മാർഗരേഖയ്ക്ക് വിരുദ്ധമായി സ്കൂളുകളിലേയ്ക്ക് സ്റ്റീൽ ബോട്ടിൽ വിതരണം ചെയ്തു.

പ്രൊജക്ട് നം :190/20-21

പ്രൊജക്ട് : ഗവ. എൽ പി / യു.പി സ്കൂൾ വിദ്യാർഥികൾക്ക് സ്റ്റീൽ ബോട്ടിൽ

അടങ്കൽ: 499360/- CFC

ചെലവ് :475020/- ബിൽ നം.7/19.5.20

ഹെഡ്മാസ്റ്റർ നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പ്രൊജക്ട് പ്രകാരം കാസ്കോ മാർക്കറ്റിംഗ് കാലിക്കറ്റ് എന്ന സ്ഥാപനത്തിൽ നിന്നും 1170 സ്റ്റീൽ ബോട്ടിലുകൾ വാങ്ങി (ഇൻ.നം ബി. 28979/2.3.20) താഴെ പറയുന്ന 4 ഗവ. സ്കൂളുകളിലെ വിദാർഥികൾക്ക് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

| ക്രമ നം | സ്കൂളിന്റെ പേര് | സ്റ്റീൽ ബോട്ടിലുകളുടെ എണ്ണം |
|---|---|---|
| 1 | ജിഎം എൽ.പിഎസ് ചെറുമുക്ക് | 535എണ്ണം |
| 2 | ജി.എൽ.പിഎസ് തിരുത്തി | 87എണ്ണം |
| 3 | ജി.എൽ.പിഎസ്. നന്നമ്പ്ര | 207എണ്ണം |
| 4 | ജി.എം. യു .പിഎസ് കൊടിഞ്ഞി | 341എണ്ണം |

പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകത താഴെ ചേർക്കുന്നു.

സബ്സിഡി മാർഗരേഖ സ.ഉ.നം22/18 ത.സ്വ.ഭ.വ തീയതി.14.2.18പ്രകാരം സ്കൂളുകളിലെ വിദ്യാർഥികൾക്ക് സ്റ്റീൽ ബോട്ടിലുകൾ വാങ്ങി നൽകുന്നതിന് അനുമതിയില്ല. മാർഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനം വാങ്ങുന്നതിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിപത്രം വേണമെന്നും പ്രസ്തുത മാർഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. സ്റ്റീൽ ബോട്ടിലുകൾ വാങ്ങി നൽകിയതിന് ആധാരമാക്കിയ അനുമതി പത്രം ഓഡിറ്റിന് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം 6 /25.6.22ന് ലഭ്യമാക്കിയ മറുപടിയിൽ, മാർഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഇനം വാങ്ങിയതു വഴി വന്ന ചെലവിന് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കി അറിയിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട് .സാധൂകരണം ലഭ്യമാകുന്നതുവരെ ചെലവു തുക തടസ്സം ചെയ്യുന്നു.

## 1-28 ഹരിത കർമ്മസേന -പ്രവർത്തനാവലോകനം

സംസ്ഥാനത്തിന്റെ രൂക്ഷമായ മാലിന്യപ്രശ്നത്തിന് വികേന്ദ്രീകൃത രീതിയിൽ പരിഹാരം കാണുന്നതിന് 15.07.2017 -ലെ സ.ഉ(എംഎസ്)നം.2420/2017/തസ്വഭവ പ്രകാരം ആവിഷ്കരിച്ച സംവിധാനമാണ് ഹരിത കർമ്മസേന. 21 വാർഡുകളിലായി 42 അംഗങ്ങളെ ഉൾപ്പെടുത്തി ഗ്രാമപഞ്ചായത്തിൽ 25.7.19 ലാണ് ഹരിത കർമ്മസേന പ്രവർത്തനം ആരംഭിച്ചത്. എം സി എഫിന്റെ അപര്യാപ്തത മൂലവും കോവിഡ് മഹാമാരി മൂലവും ഹരിത കർമ്മസേന പ്രവർത്തനം പൂർണ്ണമായും തുടങ്ങുന്നത് ഫെബ്രുവരി 2020 ലാണ്. 2020-21 വർഷത്തിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തിയതിന്റെയും ചെലഴിച്ചതിന്റെയും വിവരങ്ങൾ താഴെ ചേർക്കുന്നു.

| വകയിരുത്തിയ തുക | | പ്രൊജക്ട് | ബിൽ നം തീയതി | ചെലവഴിച്ച തുക |
|---|---|---|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 1ലക്ഷം | ഹരിത കേരളമിഷൻ വയബിലിറ്റി ഗ്യാപ്പ് ഫണ്ട് 6 മാസത്തേയ്ക്കുള്ള തുക വകയിരുത്തൽ | 3/7.9.20 | 64755 |

| | | | | |
|---|---|---|---|---|
| | | 58/20-21 | | |

മാലിന്യ ശേഖരണത്തിനുള്ള ചെലവുകൾ കണ്ടെത്തുന്നതിനുള്ള പ്രധാന വരുമാനം ഉപഭോക്താക്കളിൽ നിന്നും പിരിച്ചെടുക്കുന്ന യൂസർഫീയാണ്. ഗ്രാമപഞ്ചായത്തിന്റെ 18.9.20 തീയതിയിലെ 10(1)നം തീരുമാന പ്രകാരം വീടുകളിൽ നിന്ന് 40 രൂപയും 150ചതുരശ്രമീറ്ററിൽ കൂടുതൽ വിസ്തൃതിയുള്ള വീടുകളിൽ നിന്ന് 75രൂപയും വ്യാപാര സ്ഥാപനങ്ങൾക്ക് 150 രൂപയുമാണ് യൂസർഫീയായി നിശ്ചയിച്ചിട്ടുള്ളത്. ഇതിനായി പ്രത്യേകം രസീത് ബുക്കുകളും അച്ചടിച്ചിട്ടുണ്ട്. രസീത് ബുക്കുകളുടെ സ്റ്റോക്ക് സംബന്ധിച്ച വിവരവും, കളക്ഷൻ കാർഡുകൾ തയ്യാറാക്കി ഉപഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റെ രേഖയും പരിശോധനക്ക് ഹാജരാക്കിയിട്ടിയിട്ടില്ല. എംസി.എഫിലേക്ക് എത്തിക്കുന്ന അജൈവ മാലിന്യങ്ങളുടെ തരം തിരിച്ചുള്ള അളവ് രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്ററും പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ഹരിത കർമ്മസേനയുടെ പേരിൽ 1.4.20മുതൽ 90521201020006 നമ്പരിൽ മലപ്പുറം ജില്ലാസഹകരണ ബാങ്ക് വെള്ളിയാമ്പുറം ശാഖയിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പാസ് ബുക്ക് പ്രകാരം 31.3.2021 ന് 1448 രൂപ നീക്കിയിരിപ്പുണ്ട്. ഈ അക്കൗണ്ടിന്റെ പാസ്ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ക്യാഷ് ബുക്ക് ഹാജരാക്കിയിട്ടില്ല.

മാലിന്യ ശേഖരണത്തിനുള്ള സ്ഥിരം സംവിധാനം എന്ന നിലയിൽ ഗ്രാമപഞ്ചായത്തിന് സ്വന്തമായ ഒരു എം സി എഫ് നാളിത് വരെ സാധ്യമായിട്ടില്ല. നിലവിൽ ഒന്നാം വാർഡിലെ കൊടിഞ്ഞിയിൽ വാടക കെട്ടിടത്തിലാണ് താൽക്കാലിക എം സിഎഫ് പ്രവർത്തിയ്ക്കുന്നത്. മാലിന്യ ശേഖരണത്തിനുള്ള സ്ഥിരം സംവിധാനം എന്ന നിലയിൽ ആവശ്യമായ സ്ഥലം കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

പഞ്ചായത്തിൽ ഹരിത കൺസോർഷ്യം രൂപീകരിച്ചതിന്റെ വിവരം, കൺസോർഷ്യം നിശ്ചിത ഇടവേളകളിൽ യോഗം ചേർന്നതിന്റെ വിവരം, മിനിട്സ് എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. പ്രാരംഭ ഘട്ടത്തിൽ 42 അംഗങ്ങൾ ഉണ്ടായിരുന്നുവെങ്കിലും 26 പേർ മാത്രമാണ് ഇപ്പോൾ ഹരിതകർമസേനയിൽ അംഗങ്ങളായിട്ടുള്ളത്. ഹരിതകർമസേനയുടെ പ്രവർത്തനം ഊർജിതമാക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

## 1-29 IKM വിഹിതം - വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 2020-21 വർഷത്തിൽ നടപ്പാക്കിയ IKM വിഹിതം അടവാക്കൽ എന്ന പ്രൊജക്ട് പ്രകാരം (പ്രൊജക്ട് നമ്പർ : 02/21 ഐ കെ എം വിഹിതം) 77,238/- (ബിൽ നമ്പർ : 20/28.10.2020) രൂപ ഐ കെ എം ന് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. തുക കൈപ്പറ്റിയ വിവരം, പൂർത്തീകരണ വിവരം, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

രേഖകൾ പരിശോധനക്ക് ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 16/27.06.2022) വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്.

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-30 പഞ്ചായത്തിന് പുതിയ വാഹനം - സർക്കാർ നിർദേശം പാലിച്ചില്ല

നിർവഹണം : സെക്രട്ടറി

പ്രൊജക്ട് നമ്പർ : 229/21 പഞ്ചായത്ത് ഓഫീസ് ഉപയോഗത്തിന് പുതിയ വാഹനം വാങ്ങൽ

അടങ്കൽ തുക : 10,00,000 രൂപ

ചെലവ് തുക : 8,97,227 രൂപ

ഫണ്ട് : തനത് ഫണ്ട്

വൗച്ചർ നമ്പർ : 22000001/24.09.2020 - 102079

വൗച്ചർ നമ്പർ : 22000029/28.10.2020 - 783008

വൗച്ചർ നമ്പർ : 22000046/02.11.2020 - 12140

ഗ്രാമ പഞ്ചായത്തിൽ നിലവിൽ 10 വർഷത്തിലധികമായി ഉപയോഗിക്കുന്ന KL/55/B 3013 എന്ന വാഹനം പരിരക്ഷ പദ്ധതിക്ക് വേണ്ടി പി.എച്ച്.സി ക്ക് വിട്ടു നൽകുന്നതിനും പഞ്ചായത്ത് ആവശ്യത്തിലേക്ക് പുതിയ വാഹനം വാങ്ങുന്നതിനും നന്നമ്പ്ര പഞ്ചായത്ത് പ്രസിഡണ്ടിന്റെ അപേക്ഷപ്രകാരം തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പിന്റെ 03.12.2019 ലെ സ.ഉ (സാധാ) നം. 2743/2019/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം അനുമതി ലഭിച്ചിട്ടുണ്ട്.

GEM മുഖേന വാങ്ങിയ പുതിയ വാഹനം മഹീന്ദ്ര ജീപ്പിന്റെ ടാക്സ്, രജിസ്ട്രേഷൻ ഫീ, സെസ്സ് എന്നിവ അടവാക്കുന്നതിന് 102079/- രൂപ മോട്ടോർ വാഹന വകുപ്പ് തിരൂരങ്ങാടി RTO ഓഫീസിൽ അടവാക്കി. (റസീറ്റ് നമ്പർ 7884652/24.09.2020). മഹീന്ദ്രയുടെ 28.07.2020 ലെ IN01212700272267 ഇൻവോയ്സ് പ്രാരം 783008/- രൂപ നൽകി. 12140 രൂപ TDS ഇനത്തിൽ പിടിച്ച തുക അടവാക്കി. ആകെ 8,97,227 രൂപ ചെലവഴിച്ചു.

പഞ്ചായത്തിന്റെ നിലവിലെ വാഹനം തുടർ ചെലവുകൾ എച്ച്.എം.സി ഫണ്ടിൽ നിന്നും വഹിക്കണമെന്ന നിബന്ധനയോടെ പരിരക്ഷ പദ്ധതിക്ക് വേണ്ടി പി.എച്ച്.സി ക്ക് വിട്ടു നൽകുന്നതിനും 10 ലക്ഷത്തിൽ അധികരിക്കാത്ത പുതിയ വാഹനം വാങ്ങുന്നതിനുമാണ് അനുമതി നൽകിയിട്ടുള്ളത്.

പഴയ വാഹനം പി.എച്ച്.സി ക്ക് വിട്ടു നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കാനും വിട്ടു നൽകിയിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 25/28.06.2022) ലഭ്യമാക്കിയ മറുപടിയിൽ വാഹനത്തിന്റെ തുടർ ചെലവുകൾ എച്ച്.എം.സി ഫണ്ടിൽ നിന്നും വഹിക്കണമെന്ന നിബന്ധന സർക്കാർ ഉത്തരവിൽ ഉള്ളതിനാൽ വണ്ടി ഏറ്റെടുക്കാൻ കഴിയില്ല എന്ന് പി.എച്ച്.സി അറിയിച്ചതായും വണ്ടി ഏറ്റെടുത്തില്ല എന്നും പരാമർശിച്ചിട്ടുണ്ട്. പരിരക്ഷ പദ്ധതി പ്രകാരം വാഹനത്തിന്റെ ചെലവ്, ഡ്രൈവറുടെ വേതനം എന്നിവ അനുവദിക്കുകയാണെങ്കിൽ വാഹനം ഏറ്റെടുക്കാൻ പി.എച്ച്.സി തയ്യാറാണെന്ന് അറിയിച്ചിട്ടുള്ളതിനാൽ ആയതിന് ആവശ്യമായ സർക്കാർ ഉത്തരവിന് ഉചിത മാർഗ്ഗേന അപേക്ഷിച്ചിട്ടുണ്ട് എന്നും മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്.

വാഹനം വാങ്ങുന്നതിനു മുമ്പ് പഴയ വാഹനത്തിന്റെ ഉപയോഗം സംബന്ധിച്ച് വേണ്ടത്ര കൂടിയാലോചനകൾ നടന്നില്ല എന്ന് വ്യക്തമാണ്. ആയതിനാൽ നിലവിൽ ഉപയോഗിച്ചിരുന്ന പഴയ വാഹനം ഉപയോഗിക്കാതെ കിടക്കുകയാണ് . പഞ്ചായത്തിന്റെ ആസ്തി ഉപയോഗത്തിൽ ജാഗ്രത പുലർത്തേണ്ടതും, വാഹനം ഉപയോഗപ്രദമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിച്ച് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

### 1-31 അംഗൻവാടി കെട്ടിട നിർമ്മാണം - തുക വിനിയോഗിച്ചില്ല

നിർവഹണം : സെക്രട്ടറി

പ്രൊജക്ട് നമ്പർ : 261/21 വാർഡ് 5 ലെ അംഗനവാടി കെട്ടിടനിർമ്മാണം പഞ്ചായത്ത് വിഹിതം നൽകൽ

അടങ്കൽ തുക : 5,00,000 രൂപ

ചെലവ് തുക : 4,05,930 രൂപ

ബിൽ നമ്പർ : 45/09.03.2021

ഫണ്ട് : ധനകാര്യ കമ്മീഷൻ അവാർഡ്

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മേൽ പ്രൊജക്ട് പ്രകാരം മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വാർഡ് 5 ൽ അംഗനവാടി കെട്ടിടനിർമ്മാണത്തിന് 4,05,930 രൂപ പിൻവലിച്ച് MGNREGA സ്റ്റേറ്റ് മിഷനിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. (ബിൽ റഫറൻസ് നമ്പർ : 20150652007201132335/23.02.2021) 905930/- രൂപയാണ് പ്രസ്തുത പദ്ധതിയുടെ എസ്റ്റിമേറ്റ് തുക. ആയതിൽ 500000/- രൂപ തൊഴിലുറപ്പ് പദ്ധതി ഫണ്ടിൽ നിന്നും ബാക്കിയുള്ളത് പ്ലാൻഫണ്ട് വിഹിതവുമാണ്.

കെട്ടിട നിർമ്മാണം പൂർത്തീകരിച്ച് ഫൈനൽ ബിൽ നൽകിയിട്ടില്ല. കെട്ടിടം പണി പൂർത്തീകരിച്ചതിന്റെ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 20/27.06.2022) ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തി 2021-22 വർഷത്തിൽ പൂർത്തീകരിച്ചതായും, അംഗൻവാടി കെട്ടിടം പ്രവർത്തിക്കുന്നതായും അറിയിച്ചിട്ടുണ്ട്. MGNREGA മെറ്റീരിയൽ ഫണ്ട് ഇതു വരെ ലഭിക്കാത്തത് മൂലം ഫൈനൽ ബിൽ നൽകിയിട്ടില്ല എന്ന് പരാമർശിച്ചിട്ടുണ്ട്.

ഫണ്ട് ലഭ്യമാക്കി ഫൈനൽ ബിൽ അനുവദിച്ച് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 റോഡ് പ്രവൃത്തിക്ക് തെറ്റായി ഓവർഹെഡ് ചാർജ്ജ് നൽകി ₹ 28131 നഷ്ടം

ഗ്രാമപ്പഞ്ചായത്തിൽ റോഡ് പ്രവൃത്തികൾ നടപ്പാക്കുന്നത് Mord ഷെഡ്യൂൾ നിരക്ക് അടിസ്ഥാനമാക്കിയാണ്. സാധാരണ റോഡ് പ്രവൃത്തികൾക്ക് (റോഡ് ടാറിംഗ്, കോൺക്രീറ്റ്, പാർശ്വഭിത്തി നിർമ്മാണം , റോഡ് സംരക്ഷണ, പുനരുദ്ധാരണ പ്രവൃത്തികൾ തടങ്ങിയവ) Mord പ്രകാരം അനുവദിക്കാവുന്ന ഓവർഹെഡ് ചാർജ്ജ് 10% ആണ്. എന്നാൽ 20-21 നടപ്പാക്കിയ വെള്ളിയാമ്പുറം കൊടക്കാട്ട്പാടം റോഡ് സൈഡ് കെട്ടി സംരക്ഷണം ( 239/21 ) എന്ന പ്രൊജക്ടിന്റെ എസ്റ്റിമേറ്റ്

തയ്യാറാക്കിയപ്പോൾ പ്രസ്തുത പ്രവൃത്തിക്ക് അർഹമായ 10% ഓവർഹെഡ് ചാർജ്ജിന് പകരം 15% ഓവർഹെഡ് ചാർജ്ജ് അനുവദിച്ച് നൽകിയത് മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു.

വിശദ വിവരം താഴെ നൽകുന്നു.

പ്രവൃത്തി - വെള്ളിയാമ്പുറം കൊടക്കാട്ട്പാടം റോഡ് സൈഡ് കെട്ടി സംരക്ഷണം ( 239/21)

എസ്റ്റിമേറ്റ് നം 2019/34556

സാങ്കേതികാനുമതി 62667/2019-20 Dt 22.09.2019

കരാറുകാരൻ സാജിദ് പാക്കട

കരാർ AE/LSGD/NBRA/28/19-20 Dt26.11.2019 (₹ 589874.09, 11.33% Below)

എം ബുക്ക് 153/19-20

മൂല്യ നിർണ്ണയം 577785.38 +12% GST= 647120

ചെലവ് 647120 ( 2015065203570039987З/ 06.08.2020 )

10% ഓവർഹെഡ് ചാർജ്ജ് പരിഗണിച്ച് പ്രവൃത്തിക്ക് നൽകാവുന്ന നിരക്ക് താഴെ നൽകുന്നു

| ഇനം / പ്രവൃത്തി | എസ്റ്റിമേറ്റിൽ അനുവദിച്ച നിരക്ക് | അർഹമായ നിരക്ക് |
|---|---|---|
| 1. Earth Work- (3.5.1) | 238.9 / $M^3$ | 228.52 / $M^3$ |
| 2.DR Masonry (OD) | 2739.58/ $M^3$ | 2620.47/ $M^3$ |
| 3.Concrete (11.4.3.1) | 7893.11/ $M^3$ | 7549.93 / $M^3$ |

എസ്റ്റിമേറ്റിൽ തെറ്റായ നിരക്ക് അനുവദിക്കപ്പെട്ടാൽ അപാകത പരിഹരിച്ച് ശരിയായ നിരക്ക് അനുവദിച്ച് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയാണ് ചെയ്യേണ്ടത്. ഇത്തരത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് പ്രകാരം ബില്ല് തയ്യാറാക്കുമ്പോൾ പുതുതായി ഉൾപ്പെടുത്തുന്ന ഇനം പ്രവൃത്തികൾക്ക് ആദ്യ പ്രവൃത്തിക്ക് കരാറുകാരൻ ക്വോട്ട് ചെയ്ത ആകെ ടെണ്ടർ കുറവ്/ അധികം പരിഗണിച്ച് അതിനാനുപാതികമായ നിരക്കാണ് അനുവദിച്ച് നൽകേണ്ടത്.
ഇത്തരത്തിൽ ഈ പ്രവൃത്തിക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയാൽ അനുവദിക്കാവുന്ന തുകയാണ് ഈ പ്രവൃത്തിക്ക് ഓരോ ഇനത്തിനും നൽകാവുന്ന തുകയായി കണക്കാക്കിയത്.
എസ്റ്റിമേറ്റിൽ തെറ്റായ നിരക്ക് അനുവദിച്ചതുമൂലമുള്ള നഷ്ടത്തിന്റെ വിവരം താഴെ നൽകുന്നു.

| ഇനം - പ്രവൃത്തി/ ചെയ്ത അളവ് | പ്രവൃത്തിക്ക് നൽകിയ തുക / നിരക്ക് (ക്വോട്ട് ചെയ്തത്) | നൽകാവുന്ന തുക / നിരക്ക് (10% OH ൽ അനുവദനീയമായ തുകയുടെ 11.33 % കുറവ് ) | അധികം നൽകിയത് |
|---|---|---|---|
| 1. Earth Work- (3.5.1) 65.44 $M^3$ | 13862.15 @211.83 / $M^3$ | 13260.11 @202.63 / $M^3$ | 602.04 |
| 2.DR Masonry (OD) 195.095 $M^3$ | 473918.92 @2429.17 / $M^3$ | 453316.89 @2323.57 / $M^3$ | 20602.03 |
| 3.Concrete (11.4.3.1) 12.86 $M^3$ | 90004.31 @6998.78 / $M^3$ | 86091.53 @6694.52/ $M^3$ | 3912.78 |
| | | ആകെ അധികം | 25116.85 |
| 12% GST കൂടി ഉൾപ്പെടെ ആകെ അധികം നൽകിയത്. 25116.85x112% | | | 28131 |

മേൽ അപാകത പരാമർശിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 1/23.06.2022 ) ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തിക്ക് Price പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത് എന്നും, അധികത്തുക നൽകിയിട്ടില്ല എന്നുമാണ് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയത്.
പ്രൈസ് പ്രകാരം തയ്യാറാക്കിയതാണെങ്കിലും സാധാരണ റോഡ് പ്രവൃത്തികൾക്ക് 15 % OH അനുവദിച്ച് നൽകിയത് ശരിയല്ല. പഞ്ചായത്തിൽ ഇതേ കാലയളവിൽ നടപ്പാക്കിയ ഇത്തരത്തിലുള്ള മറ്റ് എല്ലാ റോഡ് പ്രവൃത്തികൾക്കും 10% OH ആണ് അനുവദിച്ചിട്ടുള്ളത് എന്നതിനാൽ അധികത്തുക നൽകിയിട്ടില്ല എന്ന എഞ്ചിനീയറുടെ മറുപടി അംഗീകരിക്കാനാവില്ല. കൂടാതെ പ്രൈസ് സോഫ്റ്റ്‌വെയറിൽ സാങ്കേതിക തകരാർമൂലം എസ്റ്റിമേറ്റിൽ എന്തെങ്കിലും തെറ്റ് വന്നിട്ടുണ്ടെങ്കിൽ അത്

പരിഹരിക്കുന്നതിന് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതായിരുന്നു.
തെറ്റായ എസ്റ്റിമേറ്റ് തയ്യാറാക്കിയത് മൂലമുള്ള നഷ്ടം എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്ന് ഈടാക്കി തിരിച്ചടക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 2020-21വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 300000 | 222/21<br>ലൈഫ് ഭവന പദ്ധതി | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 450000 | 47/21<br>ഭിന്നശേഷി സ്കോളർഷിപ്പ് | 450000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2488750 | 15/21<br>സമഗ്ര നെൽകൃഷി വികസനം | 2488750 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 800000 | 177/21<br>സമഗ്ര നെൽകൃഷി വികസനം | 800000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 200000 | 207/21<br>വയോജനങ്ങൾക്ക് കട്ടിൽ | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 180796 | 64/21<br>പാലിയേറ്റീവ് കെയർ | 180796 | 0 |
| ആകെ | 4419546 | | 4419546 | |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ബിൽ/ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| KSEB | 25/ വാർഡ് 20 ൽ സ്ട്രീറ്റ് മെയിൻ | 28/21.01.2021 | 49921 | 0 | പൂർത്തീകരിച്ചിട്ടില്ല | 49921 |
| | 26/ എം കഞ്ഞീരുമ്മ റോഡ് സ്ട്രീറ്റ് മെയിൻ | 22000276/25. | 49,980 | 0 | പൂർത്തീകരിച്ചിട്ടില്ല | 49,980 |
| | 27/ മച്ചിങ്ങൽതാഴം ഭാഗത്ത് സ്ട്രീറ്റ് മെയിൻ | 22000277/25.02.2021 | 49,980 | 0 | പൂർത്തീകരിച്ചിട്ടില്ല | 49,980 |
| | 28/ മുക്കായി ലക്ഷം വീട് സ്ട്രീറ്റ് മെയിൻ | 29/25.01.2021 | 49,980 | 0 | പൂർത്തീകരിച്ചിട്ടില്ല | 49,980 |
| | 29/ വാർഡ് 13 ൽ സ്ട്രീറ്റ് മെയിൻ | 36/20.02.2021 | 73,750 | 0 | പൂർത്തീകരിച്ചിട്ടില്ല | 73,750 |
| | 30/ വാർഡ് 3 ൽ സ്ട്രീറ്റ് മെയിൻ | 30/25.01.2021 | 49,980 | 0 | പൂർത്തീകരിച്ചിട്ടില്ല | 49,980 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | 32/ മാതാരി മുഹമ്മദ് ഹാജി സ്മാരക റോഡ് ത്രീ ഫേസ് സ്ട്രീറ്റ് മെയിൻ | 42/20.02.2021 | 43,939 | 0 | പൂർത്തീകരിച്ചിട്ടില്ല | 43,939 |
| | | 33/ അബ്ദുൽ കലാം ആസാദ് പാത് വേ ത്രീ ഫേസ് സ്ട്രീറ്റ് മെയിൻ | 39/20.02.2021 | 56,916 | 0 | പൂർത്തീകരിച്ചിട്ടില്ല | 56,916 |
| | | 34/ താഴത്തെപറമ്പിൽ കക്കാട്ട് പാടം റോഡ് ത്രീ ഫേസ് സ്ട്രീറ്റ് മെയിൻ | 41/20.02.2021 | 74,868 | 0 | പൂർത്തീകരിച്ചിട്ടില്ല | 74,868 |
| | | 35/പടിക്കത്താഴം കൊളക്കാട്ട് പാടം റോഡ് ത്രീ ഫേസ് സ്ട്രീറ്റ് മെയിൻ | 40/20.02.2021 | 73,542 | 0 | പൂർത്തീകരിച്ചിട്ടില്ല | 73,542 |
| | KSEB | 36/വാർഡ് 6 ൽ സ്ട്രീറ്റ് മെയിൻ | 47/09.03.2021 | 62,058 | 0 | പൂർത്തീകരിച്ചിട്ടില്ല | 62,058 |
| | | 186/വെങ്ങാട്ടമ്പലം പന്തീരായക്കൽ റോഡ് സ്ട്രീറ്റ് മെയിൻ | 03/26.05.2020 | 65,450 | 0 | പൂർത്തീകരിച്ചിട്ടില്ല | 65,450 |
| | | 187/തോട്ടങ്ങൽ വട്ടപ്പറമ്പ് റോഡ് സ്ട്രീറ്റ് മെയിൻ | 02/26.05.2020 | 1,49,940 | 0 | പൂർത്തീകരിച്ചിട്ടില്ല | 1,49,940 |
| | | 169/ വാർഡ് 15 ലെ മദ്രസ്സ പടി എസ്.എൻ.യു.പി സ്കൂൾ റോഡ് സ്ട്രീറ്റ് മെയിൻ | 35/20.02.2021 | 48,380 | 0 | പൂർത്തീകരിച്ചിട്ടില്ല | 48,380 |
| | | 256/ പഞ്ചായത്തിലെ വിവിധ റോഡുകളിൽ ഗതാഗതത്തിന് തടസ്സം നിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 05/12.06.2020<br>14/17.08.2020 | 53271 | 0 | പൂർത്തീകരിച്ചിട്ടില്ല | 53271 |
| | MINOR IRRIGATION | 17/തോട്ടിൻപുറെ തോട്ടിൽ ഷട്ടർ നിർമ്മാണം | 07/29.06.2020 | 550000 | 0 | പൂർത്തീകരിച്ചിട്ടില്ല | 550000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1822930 |
| തൻവർഷം നിക്ഷേപിച്ച തുക | 141238 |
| ആകെ | 1963668 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം<br>ഇക്വിറ്റി ഷയർ | 1963668<br>500 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം. |
|---|---|---|
| തിരൂരങ്ങാടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് (Fixed Deposit) | 1963668 | FDR No.004607 |
| മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിനിംഗ് മിൽസ് (Share Certificate) | 500 | S.No.55. Dated.27/07/1977 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-2 | 2002-03 | പൊതു പരാമർശം 10-1-3 | കുടിവെള്ള പദ്ധതി അപാകതകൾ | നടപടി തുടരുന്നു |
| 2014-15 | 2-2 | 2016-17 | അനുബന്ധം-3 | വസ്തു നികുതി | നടപടി തുടരുന്നു |
| 2014-15 | 2-7 | 2016-17 | അനുബന്ധം-4 | തൊഴിൽ നികുതി | നടപടി തുടരുന്നു |
| 2014-15 | 2-1 | 2016-17 | അനുബന്ധം-3 | വസ്തു നികുതി | നടപടി തുടരുന്നു |
| 2015-16 | 2-3 | 2016-17 | അനുബന്ധം-5 | തൊഴിൽ നികുതി | നടപടി തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

| ക്രനം | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പര്, തിയ്യതി) | റവന്യു റിക്കവറിയിലൂടെ ഈടാക്കിയ തുക, രസീത് | ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | | ഉൾപെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2006-07 | 3-2 | ഡോ.ആർ. മുകുന്ദ വർമ | LF.9703/ Spl.Cell/ | 41800 | അടവാക്കി | ഇല്ല | ഇല്ല | 0 | 0 | 0 | 41800 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | മെഡിക്കൽ ഓഫീസർ പി.എച്ച്.സി (ആരോഗ്യം) | CSC/D1/11 Dt.15.12.2014 | | യിട്ടില്ല | | | | | | | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 128469514 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 80842252 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 28131 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1976975 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 14066<br>14065 | ശ്രീ ഗോകുൽ കെ എൽ. അസിസ്റ്റന്റ് എഞ്ചിനീയർ<br>ശ്രീ മാധവൻ ,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| | ആകെ | 28131 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 951955 | ശ്രീമതി. ബിസിലി ബിന്ദു ടി.എസ്, സെക്രട്ടറി |
| 1-19 | 550000 | ശ്രീമതി. ബിസിലി ബിന്ദു ടി.എസ്, സെക്രട്ടറി |
| 1-27 | 475020 | ശ്രീമതി. നിഷ പി കെ |
| ആകെ | 1976975 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ ഗോകൽ കെ എൽ. അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ നെല്ലനാട് ഗ്രാമ പഞ്ചായത്ത് | ഗോകുലം, ശിവകൊണ്ടം, കോഞ്ചിറ. പി.ഒ തിരുവനന്തപുരം 695615 |
| ശ്രീ മാധവൻ ,അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | വിരമിച്ചു. | മദിനൂർ സൗത്ത്, ഉദിനൂർ പി.ഒ കാസർക്കോട് |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2005-06 | കെ എസ് എ എം പി എം. 15/779/19 തിയ്യതി 15.10.19 | 3 |
| 2006-07 | കെ എസ് എ എം പി എം. 15/779/19 തിയ്യതി 15.10.19 | 8 |
| 2007-08 | കെ എസ് എ എം പി എം. 15/779/19 തിയ്യതി 15.10.19 | 12 |
| 2008-09 | കെ എസ് എ എം പി എം. 15/779/19 തിയ്യതി 15.10.19 | 10 |
| 2009-10 | കെ എസ് എ എം പി എം. 15/779/19 തിയ്യതി 15.10.19 | 11 |
| 2010-11 | എൽ എഫ് എം.15/2065/13 തിയ്യതി 11.11.13 | 8 |
| 2011-12, | എൽ എഫ് എം.15/1191/15 തിയ്യതി 24.06.15 | 11 |
| 2012-13 | കെ.എസ്.എ.എം.പി.എം.15/1812/17 തിയ്യതി 24.08.2017 | 6 |
| 2013-14,14-15 | കെ എസ് എ എം പി എം 15/2110/16 തിയ്യതി 30.03.17 | 11 |
| 2015-16 | കെ എസ് എ എം പി എം 15/1/17 തിയ്യതി 07.12.17 | 9 |
| 2016-17 | കെ എസ് എ എം പി എം 15/1812/17 തിയ്യതി 22.06.18 | 16 |
| 2017-18 | നം.കെ.എസ്.എ.എം.പി.എം15/260/2019 തിയതി: 29/05/2019 | 10 |
| 2018-19 | നം.കെ.എസ്.എ.എം.പി.എം.15/283/2020 തിയതി: 17-06-2020 | 29 |

| | | |
|---|---|---|
| 2019-20 | നം.കെ.എസ്.എ.എം.പി.എം.15/825/2022<br>തിയതി: 06-06-2020 | 20 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ നന്നമ്പ്ര ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്